# ചിത്രോദയം

മലയാള പുരോഗമന വാരിക

## വിഷയവിവരം.


| | | |
|---|---|---|
| പ്രതിജ്ഞ —[കവിത] | കവനാലയം | 3 |
| അഴുക്കു നീക്കുക—[കവിത] | വിക്രമൻ | 3 |
| റവൃഷൻ—[ചെറുകഥ] | പൊൻകുന്നം വർക്കി | 4 |
| ഡെലിഗേഷന്റെ കാഴ്ചപരിപാടി [വിനോദഭാവന] | ടി. സി. കെ. | 7 |
| കുപ്പിയിലടച്ച വിദ്യുച്ഛക്തി—[ശാസ്ത്രപംക്തി] | നാരായണൻനായർ | 8 |
| അവരും മഹാത്മാക്കളാണ്—[ലേഖനം] | ആർ. സുഗതൻ | 10 |
| പതിമൂന്നാംപേജ്— | ബാലൻ | 13 |
| ഗ്രന്ഥവിഹാരം— | ആനന്ദക്കുട്ടൻ | 15 |
| ക്ലാസിസിസം—[ലേഖനം] | വക്കം അബ്ദുൽഖാദർ | 16 |
| നമ്മുടെ നിരൂപകന്മാർ—[ലേഖനം] | കെ. ആർ. രാമകൃഷ്ണൻ | 21 |
| അന്ന്—[കവിത] | ചെറുകാട് | 22 |


**XXV (22)**

**January 13, 1946**

വില 2 ണ.

# ഭദ്രദാരുതൈലം

വാതരോഗങ്ങൾക്കു കൈകണ്ട മരുന്ന്. മരപ്പ്, തരിപ്പ്, കോട്ടൽ, സ്തംഭനം, നീർക്കെട്ട് മുതലായവയെ ഉടനെ ശമിപ്പിക്കുന്നു.

൨ ഔൺസ് കുപ്പി ൧—ക്ക് ൨ രൂപാ

# സിദ്ധൗഷധം.

ഇന്ദ്രിയസ്ഖലനം ഹേതുവായിട്ട് കണ്ണുകുഴിഞ്ഞും, കവിളൊട്ടിയും വികൃതരൂപികളായവരും, ശീഘ്രസ്ഖലനത്താൽ നിരാശരായവരും, ധാതുപുഷ്ടിക്കുവേണ്ടി ശുക്ലസംരക്ഷിണി ഗുളികതന്നെ സേവിക്കണം. ഡസൻ ൧-ക്ക ൩ രൂപാമാത്രം.

കെ. കെ. വൈദ്യൻ, ധന്വന്തരി വൈദ്യശാല,

കോട്ടയം, തിരുവിതാംകൂർ.




Manufactured by
*G. V. PHARMACY,*
*Ettumanoor,*
*Travancore.*

# തച്ചുശാസ്ത്രം

സംബന്ധിച്ച എല്ലാ ആവശ്യങ്ങൾക്കും ആ വിഷയത്തിൽ പണ്ടേയ്ക്കുപണ്ടേ പ്രസിദ്ധിനേടിയ കാണിപ്പയ്യൂർ മനയ്ക്കലെ ഇന്നത്തെ പണ്ഡിതനായ ശങ്കരൻ നമ്പൂതിരിപ്പാട് അവർകൾക്ക എഴുതിയാൽമതി.

A. O. & P. O കുന്നംകുളം.

# ചിത്രോദയം

## പ്രതിജ്ഞ

(കവനാലയം)

സഹിക്കുവാൻ മേലിനിയും ഞങ്ങൾ പോരു
തുടർന്നീടും
സഹിക്കുവാൻ മേലിനിയും ഞങ്ങൾ വീറോടെ
ത്തെത്തീടും
സഹജരെ! ഒരുമിച്ചണി നിന്നീടിൻ ജീവിത
സമരത്തിൽ
സഹിക്കുവാൻ മേലിനിയും ഞങ്ങൾ വീറോടെ
തിർത്തീടും
സഹജരെ………
അറക്കകത്താജീവിതവിഭവം തടിച്ചുകൂടീടാൻ
മുറ്റും പാടത്തുകളം ഞങ്ങൾ ചോരയൊഴു
ക്കേണം
പഠിച്ചു നിങ്ങൾ പള്ളതവളർത്തി പുളച്ചുകൂത്താ
ടാൻ
അറിഞ്ഞതനക്ഷരകുക്ഷികൾ ഞങ്ങൾ കുരുട്ടുപാ
ടിക്കേണം
തെളിഞ്ഞു നിങ്ങൾ കസവണിമസ്ലിൻ ധരി
ച്ചുമിന്നീടാൻ
പൊളിഞ്ഞ നാറ്റത്തുണിയും ഞങ്ങൾക്കില്ലാതാ
വേണം
രസിച്ചു പെട്ടിപ്പാട്ടിൽ നിങ്ങൾ ലയിച്ചു ചേ
ർന്നീടാൻ
പിടിച്ചു ചുട്ടനെട്ടുവീർപ്പിൽ ഞങ്ങൾ തേങ്ങി
ക്കേഴേണം
കളിച്ചു പാർക്കിൽ പുളകിതർ നിങ്ങൾ മധു
വിധു ഘോഷിപ്പാൻ
പുളഞ്ഞു ഫാക്ടറിയിരുളിൽ ഞങ്ങൾ കയറു
പിരിക്കേണം"
സുഖിച്ചു പങ്കക്കീഴിൽ നിങ്ങൾ ക്രീഡ പക
ത്തീടാൻ
പുകഞ്ഞു ഞങ്ങൾ രാപകലൊരുപോൽ ശ്വാ
സം മുട്ടേണം
തരമൊത്തു ധ്വരമാർ കാറിൽ മദാമ്മകളൊത്തു
പറന്നീടാൻ
പെരുവഴിതോറും മുടന്തർ ഞങ്ങൾ പൊടിയി
ൽ പൊടിയേണം
തടിച്ച ഡിന്നർപാർട്ടികൾ നിങ്ങൾ പൊടിച്ചു
വാരീടാൻ
കടുത്ത പട്ടിണി കാറ്റിത്തിന്നും ഞങ്ങൾ പിട
ക്കേണം

## അഴുക്കു നീക്കുക

വിക്രമൻ *

(അന്നനട)

പൊന്നുഷസ്സു നമുക്കെന്നുമേയുള്ളൂ-
കൊള്ളുകൾ—നിത്യവുമഴുക്കിൽ പാർപ്പുകാർ
അടിക്കണം ചെവി തരിപ്പണമാകും-
പടി പറന്നു വരുന്നതാകിലോ
"തരേണം ചോര നീ"
തരില്ല ചോര ഞാൻ
"തരില്ലെങ്കിൽ കണ്ടോ
ളുക ചെട്ടപ്പും"
ഭുവനമോഹനമാതെന്തു സംഗീതം?
ചെവിതകർപ്പതാമിതു താഡനം
പലകപോലുള്ള കവിളിന്മേലിട്ട-
തലക്കുന്നു വിവേകമൊക്കെയോ?
അടി കൊണ്ടപ്പൊഴെ അതിന്റെ ചൂട്ടതാ-
നറിഞ്ഞു തുള്ളിടാ; സഹിക്ക വയ്യ ഹാ!
വെറുതെ മുന്നു ഞാൻ പറഞ്ഞുപോയതാ
വരികളങ്ങനെ ചമച്ചുകൂട്ടത്തിൽ
കൊട്ടക്കമോ നിങ്ങൾ? എട്ടുക്കണോ അവർ?
മിടുക്കനാം നിരീശ്വരനാകിലുള്ളോർ
അഴുക്കുനീക്കുവാനവന്റെ ചേർന്നതെ-
മഴക്കസൗധങ്ങൾ മുടിക്കയത്രെ!
കൊല്ലുകിലെന്നെ കൊല്ലാം ചെകിടടിച്ചു നീ-
യുഗ്രാ തകർക്കയോ? ശരണമയ്യപ്പാ!
ഇതുതാൻ ഫാസിസമല്ലയെന്നാകിൽ
ഹാ തന്നെ ജാപ്പനീസമെന്റയ്യപ്പാ!

* "അഴുക്കു തീർക്കുക" എന്ന കവിത കണ്ടിട്ടു ക്ഷമാപണസഹിതം.

സഹിക്കയില്ലീ ദുരിതം ഞങ്ങൾ സഹതാപം
വേണ്ടാ
സഹിക്കയില്ലീ നരകം ഞങ്ങൾ; നിങ്ങൾ പറ
ഞ്ഞേണ്ട
ഒരൊറ്റ നിമിഷംപോലും ഞങ്ങൾ സഹിക്കു
മോ ചൊല്വാൻ
ഒരൊറ്റ നിമിഷംപോലും ഞങ്ങൾ ക്ഷമിക്കു
മോ ചൊല്ലാമോ?
സഹിക്കുവാൻ മേലിനിയും ഞങ്ങൾ പോരു
തുടർന്നീടും
സഹിക്കുവാൻ മേലിനിയും ഞങ്ങൾ വീറോടെ
തിർത്തീടും.

ചെറുകഥ

# റിയാക്ഷൻ

(പൊൻകുന്നം വർക്കി)

നാട്ടുകാർക്ക് ഗുണമോ ദോഷമോ ചെയ്യേണ്ട ആവശ്യം ഒരു ഹെഡ്മിസ്ട്രസിനില്ല. ശമ്പളത്തിനു വേണ്ടി ജോലി ചെയ്യുന്നു. മനുഷ്യരോട് മര്യാദയായി പെരുമാറിയതുകൊണ്ട് ആളുകൾ എങ്കിലും അവരെ ബഹുമാനിച്ചു. കോട്ടയത്തുള്ള ഒരു ഗേൾസ്‌സ്കൂളിൽ എട്ടുകൊല്ലത്തോളമായി അവർ ജോലിനോക്കുന്നു. ശമ്പളത്തിൽനിന്ന് ഒരു തുക അവർ വീട്ടിലേക്കയയ്ക്കണം. അതു മുടങ്ങിക്കൂടാ. എന്നാലും അവരുടെ സാരി മോശമാകില്ല. ബ്ലൗസുകൾ അനാകർഷകങ്ങളുമാകില്ല. മാറിലും ചോറുപാത്രത്തിലും എന്തൊക്കെയോ നിഗൂഹനം ചെയ്തുകൊണ്ട് അവർ സ്കൂളിൽ പോകും. തന്നെ ഇനി ആരും കാമിക്കാനില്ല എന്നറിയുന്നത് യാതൊരു യുവതിക്കും സന്തോഷപ്രദമല്ല. ലോകത്തിൽ ഒന്നുരണ്ടു കാമുകന്മാരെങ്കിലും തന്നെ നോക്കുന്നുണ്ടെന്നറിയുന്നത് എല്ലാ യുവതികളും അഭിമാനകരമായി വിശ്വസിക്കുന്നു. ഒന്നുരണ്ടു പേരുടെയെങ്കിലും മനസ്സിനു ഇളക്കം കൊടുക്കാൻ സാധിക്കാത്ത യുവതിക്ക് സ്ത്രീത്വത്തിന്റെ അവകാശമേ ഇല്ല. എന്തിനെങ്കിലുമാകണമെന്നില്ല. ഒരു രസത്തിനു വേണ്ടിയെങ്കിലും അത് അവർ ആഗ്രഹിക്കുന്നു. ലോകത്തിലെ എല്ലാ യുവതികളുടേയും അണിഞ്ഞൊരുങ്ങലിൽ ഈ രഹസ്യം വളരെ ശാന്തമായി ഒളിച്ചുകിടക്കുന്നു. പക്ഷേ കാമാക്ഷിയമ്മയുടെ വസ്ത്രാലങ്കാരങ്ങളുടെ ഉള്ളിൽ ഇത്തരം രഹസ്യങ്ങൾ വല്ലതും ഉണ്ടോ ആവോ. അവർക്ക് വയസ്സു മുപ്പത്തിരണ്ടായി. അവരുടെ തലമുടിനാരുകളിൽ ചിലതിൽ വെള്ളവീശിയിരിക്കുന്നു. പുരുഷന്മാർ ഇടപെട്ടുള്ള കേസുകൾക്കൊന്നിനും അവർ ഇതുവരെ അവസരവും ഉണ്ടാക്കിയിട്ടില്ല. അവരുടെ അച്ഛൻ ജീവിച്ചിരിക്കുന്നു. ധാരാളം കുടുംബബാദ്ധ്യതകളുള്ള ആ മനുഷ്യൻ മകളുടെ ഉദ്യോഗപ്പണം നഷ്ടപ്പെടുത്തുവാൻ ശക്തനല്ല. ആ പണം കൊണ്ടു കാണേണ്ട കാര്യങ്ങൾ ആ മനുഷ്യനു വളരെയുണ്ട്. അനുജത്തികളുടെ കല്യാണക്കാര്യം മാറി അദ്ദേഹം മുമ്പോട്ടു നീങ്ങുന്നു.

അച്ഛൻ ആലോചിക്കുന്നില്ല എന്നുവിചാരിച്ചു തങ്ങളുടെ പ്രിയപ്പെട്ട കല്യാണക്കാര്യം യുവതികൾക്കു ചിന്തിച്ചുകൂടേ. ആകാം; ഉള്ളിലെ ഇഷ്ടവികാരങ്ങൾ ഒളിച്ചുവയ്ക്കുന്നതിനു മുമ്പു കുറച്ചൊക്കെ തുറന്നുപറയുന്നതിനും അവർ സന്നദ്ധരായാൽ മതി. വിവാഹക്കാര്യത്തിൽ കാമാക്ഷിയമ്മയ്ക്ക് ആരോടും പരാതിയില്ല; അച്ഛന്റെനേരെ വെറുപ്പുമില്ല. അമ്മയുടെ അടുക്കൽ പരാതിയുമില്ല. വിവാഹാലോചന നടത്തുന്ന ഗുണകാംക്ഷികളോടായി അവർ പറയാറുണ്ട്; ഓ–എനിക്കിനി വിവാഹം ആവശ്യമില്ല. അതിനൊക്കെ ഒരു കാലമുണ്ടായിരുന്നു.

അവരുടെ മുഖത്തിൽ വിഷാദത്തിന്റെ ഒരു നേരിയ മേഘം ഇഴയാതെ നിൽക്കുന്നുണ്ട്. അതിൽ നിന്ന് ഇടിയുടെ ശബ്ദവുമില്ല; മിന്നലിന്റെ തീയുമില്ല.

സ്കൂൾബിസിനസ്സിൽ കാമാക്ഷിയമ്മ വളരെ മുന്നണിയിലാണ്. ആറ് അദ്ധ്യാപികമാരും നാല് അദ്ധ്യാപകന്മാരും അവരുടെ കീഴിൽ ജോലിനോക്കുന്നു. ചെറുപ്പക്കാരായ അദ്ധ്യാപികാദ്ധ്യാപകന്മാർ ചിലപ്പോൾ ചില കൂട്ടുകെട്ടിന് വട്ടം കൂട്ടും. രാമബാണം പോലെയാണ് കാമാക്ഷിയമ്മയുടെ കണ്ണുകൾ. അവർക്ക് ആവശ്യമല്ല. ആരെങ്കിലും അനുഭവിക്കുന്നതു സമ്മതിക്കയുമല്ല. അസംഗതങ്ങളായ വേഴ്ചകൾ അവർ ഉപസംഹരിപ്പിക്കും. "എത്ര അദ്ധ്യാപികാദ്ധ്യാപകന്മാരെ അവർ സ്ഥലം മാറ്റിയിരിക്കുന്നു". അത്തരമൊന്നും അവരുടെ സ്കൂളിൽ നടപ്പില്ല. പഠിപ്പിക്കാൻ വരുന്നവർ പഠിപ്പിച്ചുകൊള്ളണം; നടന്നുനിന്നുകൊള്ളണം.

സാന്മാർഗ്ഗികബോധം, മര്യാദ എന്നിവയിൽ അവരെ ആരും ഒന്നും പഠിപ്പിക്കാനില്ല. വീടുവിട്ടു പത്തിരുപതു മൈൽ അകലെയാണ് ജോലിസ്ഥലം. തനിച്ചാണ് താമസം. എങ്കിലും അവരുടെ അച്ഛനമ്മമാർക്ക് അവരേപ്പറ്റി പേടിയില്ല. എങ്ങനെ വലിച്ചെറിഞ്ഞാലും വീഴാതെ പൂച്ചയേപ്പോലെ സ്വന്തം കാലിൽ അവർ നിന്നുകൊള്ളും. കുസൃതിക്കാരായ ചില കുട്ടികൾ അവരെ ആൺടീച്ചറെന്നാണ് വിളിക്കുക. പൊതുവെ സ്ത്രീയുടെ ശാലീനതയല്ല; പുരുഷന്റെ ഗൗരവമായിരുന്നു അവർക്കുണ്ടായിരുന്നത്. ചില യുവാക്കന്മാർ, വരമീശയ്ക്ക് എ[illegible]മാ[illegible]ം ചേ[illegible]

ക്കുന്നു. എന്നാൽ മീനാക്ഷിയമ്മയ്ക്കു് ഏതു മീശഷ്യം വിഷമമുണ്ടായിരുന്നില്ല. സ്കൂളിൽനിന്നു് ഏകദേശം ഒരു മൈൽ അകലെ ഒരു വാടകക്കെട്ടിടത്തിലേക്കു് അവർ താമസം മാറ്റി. ശാന്തമായ ജീവിതമാണു് അവർക്കിഷ്ടം. പലരും അവരെ കാണാൻ ചെല്ലും. പുരുഷന്മാരോടു സംസാരിക്കുന്നതിൽ അവർക്കു് ഒട്ടുംതന്നെ സങ്കോചമില്ല. ചില സ്ത്രീകൾ കാണാൻചെല്ലുന്ന പുരുഷന്മാരോടു സംസാരിക്കുന്നതു് എ[illegible] വിഷമിച്ചാണു്? അവരെങ്ങാനും ചാടി ഒരു പിടുത്തം പിടിച്ചാലോ എന്നാണു് പേടി. അന്യരറിഞ്ഞാൽ കുറച്ചിലാകും. പിന്നെ ജീവിച്ചിരുന്നിട്ടു കാര്യമില്ല. ഇത്തരം പേടിയൊന്നും കാമാക്ഷിയമ്മയ്ക്കില്ല. സ്ത്രീകൾ അവരുടെ മുഖത്തിൽ പ്രകാശിപ്പിക്കുന്ന സന്ദേശമനുസരിച്ചാണു് പുരുഷന്മാർ അവരുടെ സംഭാഷണത്തിനു കൊഞ്ചും കോളും ഒപ്പിക്കുന്നതെന്നു് അവർ പറയാറുണ്ടു്. പഴുതുകളുള്ള വാക്യങ്ങൾ ആ ഹെഡ്മിസ്ട്രസ്സിൽനിന്നു പുറപ്പെട്ടുകില്ല.

കാമദേവൻ ഉറങ്ങിക്കിടന്നപ്പോൾ ഉണ്ടായ ഒരു സ്ത്രീയാണു് കാമാക്ഷിയമ്മയെന്നു സഹൃദയരായ ചില ചെറുപ്പക്കാർ പരാതിപറഞ്ഞു. അവരെ ആരെയും അവർ മൈൻഡു് ചെയ്യാറില്ല. ഒരിക്കൽ ഒരു പള്ളിക്കൂടംഇൻസ്പെക്ടർ കാമാക്ഷിഅമ്മയ്ക്കു് ഒരു നോട്ടീസ് നാലുമണിക്കുശേഷം വിട്ടശേഷം രെക്കാർഡുകളുമായി തന്റെ താമസസ്ഥലത്തു ഹാജരായിക്കൊള്ളണമെന്നു്. അത്തരം കള്ളത്തരങ്ങൾ എ[illegible] കണ്ടിരിക്കുന്ന കാമാക്ഷിയമ്മ. ഓരോ ആളുകൾ മനസ്സിൽ കാണുമ്പോൾ അവർ അതു മരത്തിൽക്കൂടെ കാണും. രെക്കാർഡുകളുമായി അവർ പൂർണ്ണനെ അയച്ചു.

കാമാക്ഷിഅമ്മയുടെ താമസസ്ഥലത്തിനടുക്കൽ ഒരു പാവപ്പെട്ട ഇല്ലക്കാരിയുണ്ടു്. ഫീസു കൊടുക്കാൻ പണമില്ലായ്കയാൽ അവരുടെ മകൻ പഠിത്തം മുടക്കി അലഞ്ഞുനടക്കുന്നു. ഒരിക്കൽ കാമാക്ഷിയമ്മ ഇല്ലക്കാരി നാണിയോടു ചോദിച്ചു. എന്താ നിന്റെ മകൻ പള്ളിക്കൂടത്തിൽ പോകാത്തതെന്നു്.

“മാത്രം മാത്രം അര രൂപാ പീതു്; പള്ളിക്കൂടത്തീന്നു വരുമ്പോഴൊക്കെ ചോറു്; പിന്നെ പൊത്തകം; ഇതിനൊക്കെ ഞാനെവിടെപ്പോകും?”—ആ പാവപ്പെട്ടവൾ സമാധാനം പറഞ്ഞു.

“ആകട്ടെ, അവനെ പള്ളിക്കൂടത്തിലേക്കയക്കു് പോരാത്തതെന്താണെന്നുവച്ചാൽ ഞാൻ സഹായിക്കാം. വല്ലതരത്തിലും അവന്റെ കണ്ണു് തെളിയട്ടെ.”

കാമാക്ഷിയമ്മ ദീനജന സേവനത്തിന്റെ വിശിഷ്ടമായ ഒരു മന്ത്രം ഉച്ചരിച്ചു. ആ പാവപ്പെട്ടവൾ ഒരു ഈശ്വരിയുടെ സന്നിധിയിലെന്നവിധം അവരെ നമസ്കരിച്ചു.

ii

“എന്തെടീ നാണി”—കാമാക്ഷിയമ്മ ഇല്ലക്കാരിയോടു കുശലം ചോദിച്ചു—അവൻ പട്ടിണിയിരുന്നു വല്ലതും വായിക്കുന്നുണ്ടോ, വെറുതെ ഫീസ് കളയിക്കരുതു്.

“അയ്യോ അവൻ ഒരു ദിവസമെങ്കിലും പൊത്തകം തുറന്നു നോക്കുല. ഞാനെന്താ ചെയ്യുന്നു. ഞായറ്റേണെ ഇങ്ങോട്ടു കൊണ്ടുവരണു് ആക്കിയേക്കാം”—നാണി പരാതിപറഞ്ഞു.

“അങ്ങനെയാണെങ്കിൽ ഇങ്ങോട്ടു കൊണ്ടുവന്നുവിട്ടേക്കു. ഞാൻ നോക്കട്ടെ അവനെ നല്ലപാഠം പഠിപ്പിക്കാമോ എന്നു്.”

നാണിക്കു അത്യധികം സന്തോഷമായി. അവൾ അന്നു കുട്ടപ്പനെ ഹെഡ്മിസ്ട്രസ്സിന്റെ വസതിയിൽ കൊണ്ടുവന്നു ഭരമേൽപ്പിച്ചു.

പാവപ്പെട്ട ഒരു ബാലൻ വിശക്കാതെയും തളരാതെയും വിദ്യാഭ്യാസം തുടരുവാൻ സുരക്ഷിതമായ ഒരു സങ്കേതം.

കാലത്തും വൈകിട്ടും പുസ്തകം വായിക്കുമ്പോൾ കാമാക്ഷിയമ്മതന്നെ കുട്ടപ്പനു ശിക്ഷണംനൽകി. അവനു ആഹാരം, അക്ഷരം, വസ്ത്രം ഇതെല്ലാം അവർതന്നെ ഭംഗിയായി സമ്പാദിച്ചു. നിരാധാരനായി ജീവിച്ച ആ ഇല്ലക്കാരിയുടെ മകന്റെ പുരോഗതി!!

കുട്ടപ്പന്റെ ജീവിതസൗഭാഗ്യത്തിൽ അവന്റെ കൂട്ടുകാർക്കു അസൂയയുണ്ടായി. വസന്തകാലത്തിന്റെ പരിലാളനയാൽ സന്തുഷ്ടനായ ഒരു തുമ്പിയെപ്പോലെ അവൻ മൂളി മൂളി മുൻപോട്ടുകയറി. കുട്ടപ്പൻ ഇടുന്നപെട്ടു കാമാക്ഷിയമ്മ സ്വന്തം വിരലുകൊണ്ടു സാധിക്കുന്നതായിരിക്കും. അവൻ ഇടുന്ന ഷർട്ടു് കാമാക്ഷിയമ്മ സ്വന്തം ജോലിയുപേക്ഷിച്ചു തേച്ചുമിനുക്കുന്നതായിരിക്കും. അവന്റെ കുടയിൽ വർണ്ണനൂൽകൊണ്ടു തുന്നിപ്പിടിപ്പിക്കുന്ന അക്ഷരം ആ ഹെഡ്മിസ്ട്രസ്സ് സ്വന്തംമനസ്സിന്റെ സമാധാനത്തിനായി ആചരിക്കുന്ന സേവനമായിരിക്കും. വിവാഹമോ പ്രസവമോ അറിയാത്ത ആ സ്ത്രീയുടെ മാതൃത്വം അവനെ ഹൃദയംഗമം ശുശ്രൂഷിക്കുന്നു.

കുട്ടപ്പനു് പന്ത്രണ്ടു വയസ്സുള്ളപ്പോൾ കാമ

ക്ഷിയമ്മയ്ക്കു് മുപ്പത്തിഒൻപതും. അവരുടെ കൂട്ടുകാരികൾ എട്ടും പത്തും പ്രാവശ്യം പ്രസവിച്ചു. പതിനാറു വയസ്സിൽ പ്രസവിച്ചിരുന്നെങ്കിലും ഇന്നു് അവരുടെ കുട്ടികൾക്കു് ഇരുപതും ഇരുപത്തിമൂന്നുവയസ്സു പ്രായം കണ്ടേനെ. പക്ഷേ എന്തുചെയ്യാം.

ആരുടെയോ ഒരു ചെറുക്കനു ചെലവിനു കൊടുത്തു പൊറുപ്പിക്കുന്നു എന്നറിഞ്ഞു് കാമാക്ഷിയമ്മയുടെ പിതാവിനു കോപമുണ്ടായി. അയാൾ പറഞ്ഞു—എടീ എങ്കിൽ നിന്റെ സ്വന്തക്കാരുടെ കുട്ടികളിൽ ഒന്നിനെ കൊണ്ടുപോയി വളർത്താൻ പാടില്ലെ. പണം ചെലവാക്കാൻ കണ്ടുപിടിച്ച സൂത്രം"!j.

"നിങ്ങൾക്കാർക്കും നഷ്ടമില്ലല്ലോ നിങ്ങളുടെ പണവുമല്ല; ഞാനവനെ പോറ്റുന്നതു്."

ചിലപ്പോൾ അങ്ങനെയൊക്കെ പറഞ്ഞെങ്കിലും ശുണ്ഠിക്കാരനായ പിതാവിനു് അകം വലിയതെന്നു് ആ മകൾക്കു നിശ്ചയമുണ്ടു്.

ചിലപ്പോൾ നാണി കാമാക്ഷിയമ്മയുടെ അടുക്കളപ്പണികളിൽ വല്ലതുമൊക്കെ സഹായിക്കും. പുര പൂട്ടി താക്കോലുമായിട്ടാണു് അവർ സ്കൂളിലേക്കു പോകുക. അന്നു നാണിക്കു് അവിടെ എന്തോ കൂടുതൽ ജോലികളുണ്ടായിരുന്നു. അതുകൊണ്ടു പുര പൂട്ടാതെയാണു് കാമാക്ഷിയമ്മ സ്കൂളിലേക്കു പോയതു്. നാണി അന്നു പൂർണ്ണസമയവും ചെലവഴിച്ചു അവിടെ പണിയെടുത്തു. ഉച്ചഊണിനു കൂട്ടത്തിലായി രണ്ടു കറികളും തയ്യാറാക്കി. പായും തലയണയുമൊക്കെ ഉണക്കിയെടുത്തു. മെഴുകേണ്ടിടമെല്ലാം മെഴുകി. അകവും പുറവും തൂത്തുവാരി. കാമാക്ഷിയമ്മ ഉച്ചയ്ക്കു ചെന്നപ്പോൾ എല്ലാം റെഡി. കുട്ടപ്പനെത്തി.

അവർ ഊണിനിരുന്നു വഴുതനങ്ങാ മെഴുക്കുപുരട്ടി കണ്ടു കാമാക്ഷിയമ്മ ചോദിച്ചു— "നാണീ എവിടെ കിട്ടി, ഈ വഴുതനങ്ങാ."

"അതോ, അതിപ്പുരയിലിരുന്നു"

കൈയിലെടുത്ത വഴുതനങ്ങാക്കഷണം തിരികെ ഇലയിൽ ഇട്ടശേഷം കാമാക്ഷിയമ്മ പറഞ്ഞു—'എടീ അതു വിത്തിനു വച്ചിരുന്നതാണു."

"ഓ വിത്തിനു കൊള്ളുകേല. വാടിക്കൊണ്ടിരുന്നു."

വിത്തിനു വച്ചിരുന്ന വഴുതനങ്ങാ ആയിരുന്നെങ്കിലും അതു കാമാക്ഷിയമ്മ തൊട്ടില്ല. കല്പനയും [illegible]

iii

ഹെഡ്മാ[illegible] മനുഷ്യരെ പല

തിനും പ്രേരിപ്പിക്കുന്നു. പലതും നടക്കാതിരിക്കുന്നതു സന്മാർഗ്ഗിക ബോധങ്ങളെപ്പററിയുള്ള പ്രേമംകൊണ്ടാണെന്നാണു് ചിലരുടെ തെററിദ്ധാരണ. പരമാർത്ഥം പറഞ്ഞാൽ അന്യരറിയുന്നതിലുള്ള പേടിയാണു്, നാലവിലുള്ള അഹിംസയുടെ ആണിക്കല്ലു്. വികാരപാരമ്യം ചിലപ്പോൾ ഈ അതിരു വരമ്പു ഭേദിച്ചു മുമ്പോട്ടു കടക്കാറുണ്ടു്. ഒരിക്കൽ കാമാക്ഷിയമ്മയുടെ സ്കൂളിലെ ഒരു ഭാഗവതർ, ഒളിക്കിയിട്ടും ഒതുങ്ങാത്ത തന്റെ അഭിനിവേശം സവിനയം ആ സ്ത്രീയെ അറിയിച്ചു. അവർ തന്റെ ഹെഡ്മിസ്ട്രസ്സാണെന്നോ മേലധികാരികൾ അറിഞ്ഞാൽ ജോലിക്കുതന്നെ കുഴപ്പമുണ്ടാകുമെന്നോ ഒന്നും അയാൾക്കു അറിഞ്ഞുകൂടാഴികയില്ല. രണ്ടും കൽപിച്ചു് അങ്ങു ചോദിച്ചു എന്നു മാത്രം. തൊട്ടവാനും തൊട്ടവിക്കാനും പാണ്ഡിത്യമുള്ള ഒരു സ്ത്രീയുടെ അടുക്കൽ ഇടപെട്ടുകൊണ്ടിരിക്കുന്ന പുരുഷൻ എപ്പോഴുമങ്ങനെ ഒരുവക സന്യാസിയായിരിക്കാൻ സാധ്യമായില്ല. ആ സ്കൂളിലെ മററു പുരുഷന്മാരിൽനിന്നു ഭാഗവതർക്കുണ്ടായിരുന്ന വ്യത്യാസം തന്റെ ഇംഗിതം ആ പാവം തുറന്നു ചോദിച്ചു എന്നു മാത്രം. അതുകൊണ്ടു് ഒളിക്കിവച്ചവരെല്ലാം സന്മാർഗ്ഗികൾ. തുറന്നു ചോദിച്ചുപോയ ഭാഗവതർ അസന്മാർഗ്ഗി. പാവം! ആ ഭാഗവതരുടെ അഭീഷ്ടം വല്ല തരത്തിലും ഒന്നു ശമിപ്പിച്ചിരുന്നെങ്കിൽ ആ ഹെഡ്മിസ്ട്രസ്സിനു് എന്താണു് നഷ്ടം! എന്നാൽ, അവർക്കു അതൊന്നും ആവശ്യമില്ല. പുരുഷന്മാരെ സ്നേഹിക്കുന്ന രോഗത്തിൽനിന്നു് അവർ മുക്തയാണു്. പുരുഷന്മാരെ ആരെയും അവർ സ്നേഹിക്കുന്നില്ല. നാൽപത്തഞ്ചു വയസ്സുകാരനായ ഒരു ഡോക്ടറോടു മാത്രം അൽപം മമതയുണ്ടു്. അതു പലപ്പോഴും മരുന്നു വാങ്ങാനുള്ള പരിചയം നിമിത്തമാണു്. ആ ഭാഗവതർക്കു രണ്ടു രൂപാ ഫയിനും മേലുകാവുമലയിലേക്കു സ്ഥലം മാററവും!!

വാസനയുള്ള തൈലങ്ങൾ പൂശിക്കൊണ്ടാണു് കുട്ടപ്പൻ സ്കൂളിൽ ചെല്ലുക. മററുള്ള കുട്ടികൾ അവന്റെ തലയിൽ ഉള്ളംകൈയോടിച്ചു ആ വാസന കവർന്നെടുക്കും. കൊതിയോടുകൂടി അവർ അതു ആസ്വദിക്കും. ചിലർ കൈ തങ്ങളുടെ ഷർട്ടുകളിൽ തേയ്ക്കും. അൽപം വാസന തങ്ങളുടെ ഷർട്ടുകളിലും ഉണ്ടായിരിക്കുന്നതു് അവർക്കു അഭിമാനകരമായി തോന്നി.

ഹെഡ്മിസ്ട്രസ്സിന്റെ വീട്ടുകാർക്കു കുട്ടപ്പനെ കാണരുതെന്നായി. അവനെ വേഗം അ

(ശേഷം 19-ാം പേജിൽ)

വിനോദഭാവന

# എം പി ഡെലിഗേഷന്റെ കാര്യപരിപാടി

(ഡി സി കെ)

ജനുവരി 5-ാംനു ശനിയാഴ്ച 12. 35-നു കറാച്ചി വിമാനത്താവളത്തിലെത്തുന്നു. 12. 36-നു വിമാനത്തിൽനിന്നും ഇന്ത്യയിൽ കാലു കുത്തുന്നു. 12. 37-നു കിഴക്കോട്ടും 12. 38-നു മേലോട്ടും 12. 39-നു ഇടത്തോട്ടും 12 40-നു വലത്തോട്ടും നോക്കുന്നു. 12. 45 വരെ മുമ്പിൽനില്ക്കുന്നവരെ നോക്കി ചിരിക്കുന്നതും ഏതാനും പേർക്ക് കൈ കൊടുക്കുന്നതുമാണ്. അതിനുശേഷം സൗകര്യമുണ്ടെങ്കിൽ ചായ കുടിക്കും.

1. 43-നു ഡെലിഗേഷൻ നേതാവ് "ഡെൽഹി ചലോ" എന്നു പറയുന്നതും ഉടനെ പാർട്ടി ഡൽഹിക്കു തിരിക്കുന്നതുമാകുന്നു. രാത്രി 9. 59-നു ഡൽഹി വിമാനത്താവളത്തിലിറങ്ങുന്നു. അന്നുരാത്രി വൈസ്രോയിക്കു ഇഷ്ടമുണ്ടെങ്കിൽ പാർട്ടി വൈസ്രീഗൽ മന്ദിരത്തിൽ താമസിക്കുന്നതും അല്ലെങ്കിൽ സൗകര്യമുള്ള ഏതെങ്കിലും ബ്രാഹ്മണഹോട്ടലിൽ പാർക്കുന്നതുമാണ്.

ജനുവരി 6-ാംനു രാവിലെ 8. 30 മുതൽ 11. 45 വരെ വൈസ്രോയിയും പത്നിയുമൊന്നിച്ചു ചായ കഴിക്കുന്നു. അന്നുതന്നെ 1. 10 മുതൽ 10-ാംനു-രാത്രിവരെ, സെൻട്രൽ അസംബ്ലിയിലെ ആകെ സീറ്റ് എത്രയാണെന്നും അതിൽ എത്രയെണ്ണം കോൺഗ്രസ്സിനും എത്രയെണ്ണം മുസ്ലീംലീഗിനും ലഭിച്ചുവെന്നും ബാക്കി എത്ര സീറ്റുണ്ടെന്നും അന്വേഷിക്കുന്നതാണ്. ജനുവരി 11-ാംനു 11. 30 മുതൽ 11. 34 വരെ ബംഗാൾ, ചേർത്തല ഈ സ്ഥലങ്ങളിൽ 1943-ൽ ഉണ്ടായതായി പറയപ്പെടുന്ന ക്ഷാമത്തെപ്പറ്റി വിശദമായി അന്വേഷിക്കുന്നതാണ്. 12-ാംനു ഡെലിഗേഷൻ കൽക്കട്ടായ്ക്കു പുറപ്പെടുന്നു. ഗവർണർ കേസിയെ സന്ദർശിക്കുന്നതും കേസി സംഭാവനയായി കൊടുക്കുവാനിടയുള്ള ആസ്ത്രേലിയൻ കമ്പിളികൾ സ്വീകരിക്കുന്നതുമാണ്. കൽക്കട്ടായിൽ വച്ചു പാർട്ടി രണ്ടായി പിരിയുന്നതും, ഒന്നു നേരെ ബലൂചിസ്ഥാനിലും മറ്റേതു ഗോദാവരിയിലും ചെന്നു ചേരുന്നതുമാണ്. ബലൂചിസ്ഥാനിൽ എത്തുന്ന അംഗങ്ങൾ ആസാമിലെ തേയില കൃഷിയെപ്പറ്റി അന്വേഷണം നടത്തുന്ന സമയം തന്നെ ഗോദാവരിയിലെത്തിയ അംഗങ്ങൾ കാശ്മീരത്തെ തടാകങ്ങളെക്കുറിച്ചു പഠിക്കുന്നതുമാകുന്നു. രണ്ടുവിഭാഗങ്ങളും 15-ാംനു ആഗ്രായിൽ ഒരുമിച്ചുകൂടുന്നു. താജ്മഹാൾ പണിതിട്ടു എത്ര വർഷമായെന്നു മനസ്സിലാക്കിയശേഷം മൂന്നായിപ്പിരിഞ്ഞു മൂന്നുവഴിക്കു പോകുന്നതുമാണ്. ഒന്നാമത്തെ വിഭാഗം ഗാന്ധിയെയും രണ്ടാമത്തെ കൂട്ടർ നെഹ്രുവിനെയും മൂന്നാമത്തെ സംഘം ജിന്നായെയും സന്ദർശിച്ചു ഏഴുമിനിട്ടുവീതം ഇന്ത്യൻ രാഷ്ട്രീയ സ്ഥിതിഗതികളെക്കുറിച്ചു സംസാരിക്കും. ഈ നേതാക്കന്മാർ ഇൻഡൊനേഷ്യയെപ്പറ്റിയും പലസ്തീനെക്കുറിച്ചും സംസാരിക്കാതിരിക്കുവാൻ ഡെലിഗേഷനംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നതുമാണ്. 19-ാംനു മുതൽ 26-ാംനു വരെയുള്ള ഒരാഴ്ച ഹൈദ്രാബാദ്, മൈസൂർ മുതലായ മഹാരാജാക്കന്മാരുടെ വിരുന്നുകൾ സ്വീകരിക്കുന്നതും ബ്രിട്ടനും നാട്ടുരാജ്യങ്ങളും തമ്മിലുള്ള ഉടമ്പടികളെക്കുറിച്ചു അവരെ ഓർമ്മിപ്പിക്കുന്നതുമാകുന്നു. 26-ാംനു മുതൽ 31-ാംവരെ ടാറ്റാ ബിർളാ, ഇവരെ സന്ദർശിച്ചു ഇൻഡ്യൻ തൊഴിലാളികളെക്കുറിച്ചുള്ള അന്വേഷണം നടത്തുന്നതാണ്. ഫെബ്രുവരി 1-ാം ഡെലിഗേഷൻ ഒരാഴ്ചത്തേക്കു ഹോട്ടൽ ഡി പാർക്കിൽ താമസിക്കും (ഹോട്ടൽ ഫിലിപ്സിൽ താമസിക്കണമെന്നാണു നേരത്തെ നിശ്ചയിച്ചിരുന്നതെങ്കിലും, അവിടെ താമസിക്കുന്നവരെ ചിലപ്പോഴൊക്കെ അറസ്റ്റു ചെയ്യാറുണ്ടെന്നു സർവ്വസൈന്യാധിപൻ അറിയിച്ചിരിക്കുന്നതുകൊണ്ട്, ആ നിശ്ചയം മാറ്റുകയാണുണ്ടായത്) കോടികളുടെ പഞ്ചസാരക്കുഴപ്പത്തെക്കുറിച്ചു അന്വേഷണം നടത്തിയ ശേഷം അന്നുതന്നെ കാഞ്ഞിരപ്പള്ളിക്കു പോകുന്നതും ഇൻഡ്യയിലെ റബർ കൃഷിയെപ്പറ്റി പഠനം നടത്തുന്നതും ഇടപ്പള്ളിയത്തെ കർഷകത്തൊഴിലാളി പ്രസ്ഥാനത്തെപ്പറ്റി അന്വേഷണം നടത്തുന്നതുമാകുന്നു. അവിടെ നിന്നു വിമാനമാർഗ്ഗം രാജധാനിയിലേക്കു പോകുന്നതു[illegible]

ശാസ്ത്രപംക്തി

# കുപ്പിയിലടച്ച വിദ്യുച്ഛക്തി

(നാരായണൻ നായർ)

ഞങ്ങളുടെ നാട്ടിൽ വിദ്യുച്ഛക്തി നടപ്പിലായ ഇടയ്ക്ക്, ചന്തയ്ക്കു പോകുന്നവരോട്, ഒരു കുപ്പി കറന്റുകൂടി വാങ്ങിക്കൊണ്ടുവരാൻ പറയുന്ന ഒരു തമാശ നടപ്പുണ്ടായിരുന്നു. ഞാനും പറഞ്ഞിട്ടുള്ളതാണ്. അന്നതൊരു അസാദ്ധ്യമായ കാര്യമായിട്ടാണ് ഞാൻ വിചാരിച്ചിരുന്നത്. ഇന്നു സാദ്ധ്യമായിട്ടും.

കാറിന്റെ ബാറ്ററിയെന്നു പറയുന്നതു കറന്റു സൂക്ഷിക്കുവാനുള്ള ഒരു പാത്രം മാത്രമാണ്. കുപ്പിയെന്നോ ഭരണിയെന്നോ നിങ്ങളുടെ ഇഷ്ടംപോലെ പറയാം.

സാധാരണയായി വിളക്കു കത്തിക്കുന്നതിനും മറ്റും ഉപയോഗിക്കുന്ന വിദ്യുച്ഛക്തി പവ്വർഹൗസിൽ നിന്നാണല്ലോ കിട്ടുന്നത്. വാസ്തവത്തിൽ വിദ്യുച്ഛക്തി ഉണ്ടാക്കുകയാണ് പവ്വർഹൗസിൽ ചെയ്യുന്നത്. അതെങ്ങിനെയാണെന്നു നോക്കാം.

പവ്വർഹൗസിൽ വലിയൊരു എഞ്ചിനുണ്ടാവും. ഈ എഞ്ചിൻ ഓടിക്കുവാനായി പെട്രോളോ ക്രൂഡോയിലോ കൽക്കരിയോ അല്ലെങ്കിൽ പള്ളിവാസലിലും പൈക്കാറയിലും ചെയ്യുന്നതുപോലെ വെള്ളച്ചാട്ടമോ ഉപയോഗിക്കാം. എങ്ങിനെയായാലും എഞ്ചിൻ കറങ്ങണം. ഈ എഞ്ചിനോടു ഘടിപ്പിച്ച് "ജനറേറ്റർ" എന്നൊരു യന്ത്രമുണ്ടാകും. ഈ വാക്കിന്റെ അർത്ഥം തന്നെ "ജനിപ്പിക്കുന്നത്" എന്നാണ്. വിദ്യുച്ഛക്തിയെ ഉണ്ടാക്കുകയാണ് ജനറേറ്റർ ചെയ്യുന്നത്. എഞ്ചിൻ നടക്കുമ്പോൾ ജനറേറ്ററും ജോലി ചെയ്യും; ജനറേറ്റർ ജോലിചെയ്യുമ്പോൾ വിദ്യുച്ഛക്തി ഉണ്ടാവുകയും ചെയ്യും. പക്ഷെ ജനറേറ്റർ നില്ക്കുന്നതോടുകൂടി വിദ്യുച്ഛക്തിയുടെ ഉൽപാദനവും നിന്നുപോകും. വിദ്യുച്ഛക്തി ആവശ്യമുള്ളിടത്തോളം നേരം ജനറേറ്ററും എഞ്ചിനും ഓടിക്കൊണ്ടിരിക്കേണ്ടതു് ആവശ്യമാണ്.

ഇതെപ്പോഴും അത്ര നല്ല ഒരു കാര്യമാണെന്നു വരില്ല. ചിലർക്ക് കുറച്ചു വിദ്യുച്ഛക്തി എപ്പോഴും വേണമെന്നുണ്ടാകും. പവ്വർഹൗസിനു കേടുവന്നാലും തങ്ങളുടെ കാര്യത്തിനു മുട്ടുവരരുത് എന്നു വിചാരിക്കുന്നവരുണ്ടാകും. കുറച്ചു വിദ്യുച്ഛക്തി കൂടെക്കൊണ്ടു നടക്കണമെന്നുള്ളവർ—മോട്ടോറിനെപ്പോലെ—ഉണ്ടാവും. ഇങ്ങിനെയുള്ള കൂട്ടരെല്ലാം വിദ്യുച്ഛക്തിയെ പാത്രത്തിലാക്കി സൂക്ഷിക്കുകയാണു പതിവ്. ഈ പാത്രമാണു ബാറ്ററി എന്നു പറയുന്നത്.

സാധാരണ ബാറ്ററി എങ്ങിനെയിരിക്കും? ഗ്ലാസ്സുകൊണ്ടോ അല്ലെങ്കിൽ നല്ലബലമുള്ള റബ്ബർകൊണ്ടോ ഉണ്ടാക്കിയ ഒരു പാത്രം—പൊട്ടിപ്പോകാതിരിക്കുവാൻ രണ്ടാമതു പറഞ്ഞതാണു നല്ലത്. കാർ ബാറ്ററികളിൽ ഇതാണ് ഉപയോഗിക്കുന്നത്—പാത്രത്തിന്റെ മുകൾവശം നല്ലതുപോലെ അടച്ചിരിക്കും. ആ അടപ്പിൽ ഒരു ദ്വാരമുണ്ടായിരിക്കും. അതും നല്ലതുപോലെ തിരിച്ച് അടയ്ക്കുവാൻ കഴിയുന്നതാണ്. അടപ്പിന്റെ രണ്ടു മൂലകളിലായി രണ്ടു വലിയ പിരിയാണികൾ. ഇവയ്ക്കു "ടെർമിനൽ" എന്നു

---

ഴിക്കു ഡെലിഗേഷൻ നായകനായ റോബർട്ട് റിച്ചാർഡ്സ് കൊല്ലത്തിനു സമീപം വച്ചു തന്റെ സ്വന്തം കൈ കൊണ്ട് "റാവുസാഹിബ് മുദ്ര"കളിൽ ഒന്ന് താഴേയ്ക്കു ഇടുന്നതുമാണ്. ഡെലിഗേഷൻ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ അനുമതിയോടുകൂടി ഒരു ഘോഷയാത്രയായി കന്യാകുമാരിയിലേക്കു പോകുന്നതും അവിടെ ടി. ബി. യിൽ ആറു ദിവസം താമസിക്കുന്നതുമാണ്. ഇതിനിടയിൽ സുഭാഷ് ബോസ് ജീവിച്ചിരിപ്പുണ്ടോ എന്നു തിരക്കുന്നതും ഭാരതിപ്പത്രത്തിന് എത്ര കോപ്പി ഉണ്ടെന്നു മനസ്സിലാക്കുന്നതും മാവേലിക്കര ആശുപത്രിയിലെ രക്തസമ്മർദ്ദത്തിന്റെ കാരണം കണ്ടുപിടിക്കുന്നതുമാണ്. മടങ്ങുന്നവഴി തിരുവനന്തപുരത്തു ഒരു ദിവസം താമസിക്കുന്നതും മഹാകവി ഉള്ളൂർ, അനന്തൻ പിള്ള, ടി.കെ. ജോസഫ് എന്നിവരെ കണ്ടു പുരോഗമന സാഹിത്യത്തിന്റെ വളർച്ചയെപ്പറ്റി അന്വേഷിച്ച ശേഷം ബോട്ടുമാർഗ്ഗം ആലപ്പുഴ ഇറങ്ങുന്നതും അവിടെ നിന്നു ഫെബ്രുവരി 28-ാം നു- ലണ്ടനിലേക്കു പറക്കുന്നതും അവിടെ ചെന്ന് ഒരു പത്രപ്രസ്താവന പുറപ്പെടുവിക്കുന്നതുമാകുന്നു. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കൊടുക്കണമോ എന്ന വിഷയത്തെപ്പറ്റി 1989 നു ശേഷം റിപ്പോർട്ടു സമർപ്പിക്കത്തക്ക വിധത്തിൽ ഒരു കമ്മറ്റിയെ നിയമിക്കുന്നതിനു ഡെലിഗേഷൻ ശുപാർശ ചെയ്യുന്നതാണ്.

———

പറയും. ഇതാണു് ബാററി പുറമേ നിന്നു കാണാനുള്ളതു്.

ഈ പാത്രത്തിനുള്ളിലും ചില സാധനങ്ങൾ ഉണ്ടു്. ഗ്ലാസുകൊണ്ടുള്ള പാത്രമാണെങ്കിൽ അകത്തുള്ളതെന്താണെന്നു് വിഷമം കൂടാതെ കാണാൻ സാധിക്കും—കറുപ്പുപലകകൾ അടുക്കിയിട്ടു വെച്ചതും, ഈ പലകകൾ മൂടാൻ മാത്രം ആസിഡും. ഇതിനു് ഉപയോഗിക്കുന്നതു് സൾഫൂരിക്കു് ആസിഡ് എന്നു പറയുന്ന ആസിഡാണു്.

അകത്തു കണ്ട പലകകളില്ലേ? അവയെല്ലാം ഒരുപോലെയുള്ളവയല്ല. ഒന്നിടവിട്ടുള്ളതു കട്ടി കുറഞ്ഞ മരപ്പലകകളാണു്. മററുള്ളവ രണ്ടു തരത്തിലുള്ള ഈയപ്പലകകളാണു്. രണ്ടു തരത്തിലുള്ള ഈയമെന്നു പറഞ്ഞതു് ഈയത്തിന്റെ രണ്ടു സംയോഗങ്ങളെന്നോ ലവണങ്ങളെന്നോ ഒക്കെപ്പറയുന്ന അർത്ഥത്തിലാണു്. രണ്ടിലും ഈയം ഉണ്ടാകും. പക്ഷേ ശുദ്ധമായ രൂപത്തിലല്ല.

രണ്ടുതരം എന്നു പറഞ്ഞില്ലേ? അവയിൽ ഒരു തരത്തിനു "പോസിററീവ്" എന്നും മററതിനു "നെഗററീവ്" എന്നും പേരു പറയും. പോസിററീവിൽനിന്നു് നെഗററീവിലേക്കു വിദ്യുച്ഛക്തി ഒഴുകുമെന്നാണു വെച്ചിരിക്കുന്നതു്. അവ തമ്മിൽ തൊട്ടുപോയാൽ വിദ്യുച്ഛക്തി മുഴുവനും പോസിററീവിൽനിന്നും നെഗററീവിലേക്കു നേരിട്ടു് ഒഴുകിപ്പോകും. ബാക്കി നമുക്കൊന്നും കിട്ടുകയില്ല. അങ്ങിനെ പററിപ്പോകാതിരിക്കുവാനാണു മരപ്പലകകൾ ഒന്നിടവിട്ടു് അടുക്കി വച്ചിരിക്കുന്നതു്. അപ്പോൾ ബാററിക്കകത്തു കാണുന്നതു് മരപ്പലക—പോസിററീവ്—പലക—നെഗററീവ്—പലക—പോസിററീവ് എന്ന മട്ടിലാണു്.

വിദ്യുച്ഛക്തിയെ ഇതിലാക്കുന്നതെങ്ങിനെയാണെന്നിനിപ്പറയാം. ടെർമിനൽ എന്നു മുകളിൽ പറഞ്ഞ ആണികളില്ലേ? അവയിലൊരെണ്ണം അകത്തുള്ള സകല പോസിററീവുകളോടും മററതു സകല നെഗററീവുകളോടും ഘടിപ്പിച്ചിരിക്കും. ഈ ടെർമിനലുകൾ വഴിയാണു വിദ്യുച്ഛക്തി ഉള്ളിലേക്കു കയറുന്നതും വെളിയിലേക്കു പോകുന്നതും. ഇവയെ രണ്ടിനേയും വിദ്യുച്ഛക്തി പ്രവഹിക്കുന്ന രണ്ടു കമ്പികളുമായി ഘടിപ്പിക്കണം. അപ്പോൾ ഒരു കമ്പിയിൽനിന്നും വിദ്യുച്ഛക്തി അതിനോടു ഘടിപ്പിച്ചിട്ടുള്ള ടെർമിനൽവഴി അകത്തു കയറി, ആസിഡിൽക്കൂടി മറേറ ടെർമിനലിലേക്കു കടന്നു വെളിയിലേക്കു പോകുന്നു. ഈ യാത്രക്കിടയിൽ കുറെയധികം വിദ്യുച്ഛക്തിയെ അകത്തു നമ്മൾ കണ്ട ഈയപ്പലകകളും ആസിഡും കൂടി അപഹരിച്ചെടുത്തുകളയും. ഇതിനു ബാററി ചാർജ്ജുചെയ്യുക എന്നാണു പറയുന്നതു്. ബാററിയിൽ ശേഖരിച്ചുവയ്ക്കാവുന്നിടത്തോളം വിദ്യുച്ഛക്തി അകത്തായാൽ ചാർജ്ജു നിറുത്തണം. ഇനി ഇതിൽനിന്നും കറൻറു് ഇങ്ങോട്ടെടുക്കാം. ടെർമിനലുകളുടെ ഇടയിൽ ഒരു കമ്പിയോ അല്ലെങ്കിൽ വിദ്യുച്ഛക്തിക്കു് ഒഴുകാനുള്ള മറെറന്തെങ്കിലും വഴിയോ വെച്ചുകൊടുത്താൽ വിദ്യുച്ഛക്തി ഒഴുകിത്തുടങ്ങും.

ഇങ്ങിനെയാണു കറൻറു ശേഖരിച്ചുവയ്ക്കുന്നതു്. ബാററിയുടെ ഉള്ളിലേക്കയച്ചതിനേക്കാളധികം വിദ്യുച്ഛക്തി ഇങ്ങോട്ടെടുക്കുവാൻ പാടുകയില്ല എന്നുമാത്രമല്ല, അതിലും വളരെ കുറച്ചേ കിട്ടിയുള്ളു എന്നും വരാം. 90 ശതമാനം തിരിച്ചു കിട്ടുന്നെങ്കിൽ വലിയ ലാഭമാണു്. ബാററി ചീത്തയായതാണെങ്കിൽ അതു് അമ്പതു ശതമാനം നാൽപതു ശതമാനം വരെയൊക്കെ കുറഞ്ഞുപോകാം. ഇങ്ങിനെയുള്ള ചീത്ത ബാററികൾ വച്ചുകൊണ്ടിരിക്കുന്നതുതന്നെ നഷ്ടമാണു്.

ഇതെല്ലാം ഒരു ചെറിയ ബാററിയെപ്പററിയാണു പറഞ്ഞതു്. ബാററികൾ പല വലിപ്പത്തിലുള്ളതാകാം. ഒരുകുത്തു ചീട്ടിന്റെ വലിപ്പമുള്ളതുമുതൽ മൂന്നു നാലു പറ വെള്ളം കൊള്ളുന്നത്ര വലിപ്പമുള്ളവരെ കണ്ടിട്ടുണ്ടു്. വലിപ്പം കൂടുംതോറും സംഭരണശക്തിയും കൂടും.

വിദ്യുച്ഛക്തിക്കു സമ്മർദ്ദം എന്നൊരു ഗുണംകൂടിയുണ്ടു്. ഒഴുക്കിന്റെ ശക്തിപോലെയാണിതു്. ചരിവുള്ള ഭൂമിയിൽക്കൂടെ ഒഴുകുന്ന വെള്ളത്തിനു നല്ല ശക്തിയുണ്ടാകും. ചരിവു കുറവുള്ളിടത്താണെങ്കിൽ ഒഴുക്കിനു ശക്തി കുറയും. അതുപോലെ സമ്മർദ്ദം കൂടുതലുണ്ടെങ്കിൽ വിദ്യുച്ഛക്തി കൂടുതൽ ഒഴുകും; കുറഞ്ഞാൽ കുറവായിട്ടും. ഈ സമ്മർദ്ദത്തെ വോൾട്ട് കണക്കായിട്ടാണു് അളന്നുവരുക. മുകളിൽ പറഞ്ഞ തരത്തിലുള്ള ബാററിക്കു രണ്ടു വോൾട്ടാണു സമ്മർദ്ദം. ഞെക്കുവിളക്കിന്റെ ഉരുണ്ട ബാററിക്കു ഒന്നരയും, പരന്നതിനു നാലരയും, മോട്ടോർബാററിയിൽ മുകളിൽ വിവരിച്ച മാതിരി മൂന്നു ഭാഗങ്ങളുള്ളതുകൊണ്ടു് അതിന്റെ സമ്മർദ്ദം മൂന്നിരണ്ടാറാണു്.

പല ആവശ്യങ്ങൾക്കും പല സമ്മർദ്ദത്തിലുള്ള വിദ്യുച്ഛക്തിയായിരിക്കും ആവശ്യം. അതതു് ആവശ്യത്തിനനുസരിച്ചുള്ള സമ്മർദ്ദം ഉണ്ടാക്കുവാനായി മുകളിൽ പറഞ്ഞ മാതിരി

# അവരും മഹാത്മാക്കളാണ്.

(ആർ. സുഗതൻ)

ഇങ്ങിനെയും ഒരു വർഗ്ഗക്കാർ ഉണ്ട്, ഇവരും മഹാത്മാക്കളാണ്. ഇവരുടെ മഹത്വത്തെ ലോകം വേണ്ടിടത്തോളം വിലയോടും വെളിപ്പാടോടുംകൂടി സമാരാധിച്ചുവരുന്നു. ഏങ്കിലും ഇവർ കരുണാശീലന്മാരും, കാര്യം കാട്ടാനായി ശരീരത്തെ ഉപയോഗിക്കുന്ന ധീരന്മാരും ആകുന്നു.

എന്തെങ്കിലും കുറ്റത്തിന് ഒരു പുതിയ പുള്ളിയെ ഇവരുടെ വാർഡറായുള്ള ലോക്കപ്പ് മുറിയിൽ കിട്ടിക്കഴിഞ്ഞാൽ ഈ മഹാത്മാക്കൾ അയാളെപ്പററി സരസമായ സംഭാഷണങ്ങൾ തുടങ്ങുകയായി. “ഇവൻ സമ്പന്നനാണല്ലോ?” “ഓഹോ!! അവന്റെ ക്രാപ്പും നീണ്ട വലിപ്പമുള്ളതും, കോമളവേഷത്തെയോ ആണോടാ. പാരമ്യത്തിന്റെ സ്ഥിതിയാണല്ലോ ഇവന്? ഒന്നും മിണ്ടാതെ ആ നിരപരാധി നിന്നാൽപ്പിന്നെ അതിന്റെ വ്യാഖ്യാനമാണ്. ഇവനു മിണ്ടാൻ വലിയ കോപ്പാണോ! നീ ഇത്രവാടമെന്നാ വിചാരിക്കുന്നേ? ഇതെല്ലാം കേട്ട് തിരിഞ്ഞു നോക്കിപ്പോയാൽ ഉടനെ കരണത്തടി. തല്ലും കൊണ്ടു തല തിരിച്ചാൽ ഈ മഹാത്മാക്കൾ പറയും ഇവൻ “തന്റെയും ഉഴവും” പറിച്ചവനാണല്ലോ? അപ്പോൾ മറേറാരു മഹാത്മാവു പറയും—“ഹോ. എനിക്ക് ഒന്നുകൂടി അവനെ ഇഷ്ടമായി”—ഇങ്ങനെ പലതും ഉണ്ട്. ... ഈ ... സർവ്വാംഗ പരിശോധന ... നിക്ഷേപിക്കുന്നു. ആശ്രമവാതുക്കൽ എപ്പോഴും ഒരു താക്കോൽ സൂക്ഷിക്കുന്ന മഹാത്മാവ് അങ്ങിനെ നിൽക്കും. ചെന്നായ്ക്കളുടെ ഇടയിൽപ്പെട്ട ആട്ടിൻകിടാവിനെപ്പോലെ പരുങ്ങി നിൽക്കുന്ന ആശ്രമാഗതൻ മുറിയിൽ കയറിക്കഴിഞ്ഞാൽ പിന്നെ വരുന്ന മഹാത്മാക്കൾ പുതിയ പുള്ളിയെ വിളിച്ചു കുശലപ്രശ്നങ്ങളും, സാന്ത്വനങ്ങളും പറയാറുണ്ട്.

---

ഈ ദേശങ്ങൾ ആവശ്യാനുസരണം കൂട്ടിച്ചേർത്താൽ സാധാരണ വീടുകളിൽ കഴിയുന്നു 280 പൌണ്ടുള്ള വിളപ്പുകളാണ് ... 280 ... 2 ... 115 ... .

---

ഈ “പുള്ളിയാന്മാരുടെ” കത്തികൂടി നോക്കി കൃതാർത്ഥതയോടെ ഉദാരനായ ഗൃഹനാഥന്റെ ഭാവത്തിൽ ഈ മഹാത്മാക്കൾ പ്രൗഢഗംഭീരന്മാരായി നിൽക്കുന്ന നിൽപ്പ് നമ്മുടെ സാഹിത്യകാരന്മാരാരും വർണ്ണിക്കാറില്ല. അതു ഒരു പക്ഷപാതം തന്നെ.

പുഴുങ്ങി ഉപ്പും മുളകും പാകത്തിനിടാത്ത പഴയ ചെറുപയർ ഇതിന്റെ മഹിമ; കഞ്ഞിയുടെ കൊഴുപ്പ്, ഇവയെപ്പററിയെല്ലാം ഈ മഹാത്മാക്കളുടെ വിവരണം കേട്ടാൽ കഞ്ഞിക്ക് ആസ്വാദ്യത കൂടും. നല്ല പാകത്തിന് അരച്ചെടുത്ത ചമ്മന്തിപോലെ ഇതെല്ലാം ഈ ആശ്രമത്തിലെ അന്തേവാസികളായ പുള്ളികൾക്ക് രസകരമാണ്. പുള്ളിശിഷ്യന്മാരിൽ ചിലർക്ക് ഈ മഹാത്മാക്കളോട് കുറെ സ്വാതന്ത്ര്യമായും ലോഹ്യമായും പെരുമാറാം. എന്നാൽ നരകത്തിലും കുറേയെല്ലാം സ്നേഹത്തിന്റെ വെള്ളിരേഖ വീശുമെന്നതിന് ഇതും തെളിവാണ്. ഇങ്ങിനെ മഹാത്മാക്കളുടെ പ്രത്യേക പ്രതിപത്തിക്ക് പാത്രവാന്മാരാകുന്നവർ മിക്കവാറും ആശ്രമത്തിൻ വേണ്ടിത്തന്നെ പിറന്ന “ലോക്കപ്പുടമകൾ” എന്നു തന്നെ തോന്നിപ്പോകും. കടം, പട്ടിണി, കുടുംബത്തിലെ അലച്ചിൽ, അഴിച്ചു മാററാൻ ഇടം ചിലപ്പോൾ കിട്ടാത്ത കാക്കിയുടുപ്പ്, ഇതെല്ലാം പോലീസ് മഹാത്മാക്കളുടെ ത്യാഗത്തിന്റെ അളവുകോലുകളാണ്. അരപ്പട്ട മുറുകി കെട്ടിയില്ലെങ്കിൽ വിശപ്പുകൊണ്ട് വളഞ്ഞ് ഒടിഞ്ഞുപോകുമെന്ന് ഈയിടെ ഒരു പോലീസ് മഹാത്മാവു പറഞ്ഞു. നേരാണ്. എട്ടു മക്കൾ, ഭാര്യ, അമ്മയും അച്ഛനും, പട്ടണത്തിലെ താമസം, ഇതിനെല്ലാംകൂടി ഈ മഹാത്മാവിനു കിട്ടുന്ന ശമ്പളം തികയുകയില്ല. പിന്നെ “...” കൊണ്ട് ഈ കുണ്ടും കുഴിയും നികത്താമെന്നു വെച്ചാൽ അതിനും വലിയ വിഷമം. തത്വവും ന്യായവും ഇപ്പോൾ മാറിയിരിക്കുന്നു. പിന്നെന്താ ഗതി? അരപ്പട്ട മുറുകി കെട്ടുക തന്നെ! വഴിമുക്കിന് വാഹനനിയന്ത്രണത്തിന് നിൽക്കുന്ന മഹാത്മാവ് പഞ്ചാഗ്നിമദ്ധ്യത്തിൽ കൊടുംതപം ചെയ്യുന്നയാളാണ്. ടാറിന്റെ ചൂട്, തലയിൽ ചൂട്, ശരീര ചൂട്; ഇടം വലം ചൂട്, പൊടി ഇതെല്ലാംകൊണ്ട് അങ്ങിനെ നിന്ന്, വരുന്ന വാഹനങ്ങൾക്ക് നിർദ്ദേശങ്ങൾ, നിയന്ത്രണങ്ങൾ ഇവ കൊടുത്തുകൊണ്ട് നട്ടം തിരിയുന്ന “ഡ

ട്ടിക്കാർ ക്ലേശംകൊണ്ടു് എരിപൊരികൊള്ളുന്നവരാണു്. ശമ്പളക്കുറവു്. അന്വേഷിച്ചുപോയ പുള്ളിയെ കാണായ്മ, മേലാവിന്റെ ബ്ലാക്ക മാർക്കു് ഇവകൊണ്ടു് നിരാശാമരിതരായി ഈ മഹാത്മാക്കൾ നിൽക്കുമ്പോൾ അടുത്തുകിടന്ന പുള്ളിയുടെ മുതുകിന്മേൽ ഈ ക്ലേശങ്ങളെല്ലാം കൂടി ഇദ്ദേഹം, ചുമട്ടുതാങ്ങിയുടെ മീതെ—പലവകപോലെ അങ്ങിനെ ഇറക്കിനിരത്തും. ഇതു ദ്രോഹബുദ്ധികൊണ്ടല്ല. ഒരുവക മാനസികരോഗം മാത്രമാണു്. നമുക്കു് ഇഷ്ടമില്ലാത്ത എന്തെങ്കിലും നേരിടുമ്പോൾ അതിന്നുത്തരവാദി ലോകരും ചുറ്റുപാടുകളും എന്നു നാം തെറ്റിദ്ധരിക്കാറുണ്ടല്ലോ.

ഇവരുടെ ലോകസേവനത്തിന്നു സ്മാരകമായി നാട്ടുകാരും, ഇവരുടെ തന്നെ സ്തുതിപാഠകന്മാരുമായ തക്കംനോക്കികളും, കൂടി ഇവർക്കു ചില സ്ഥാനബഹുമതി കൊടുക്കാറുണ്ടു്. പലതും ഇവരുടെ നേരായ സ്വഭാവത്തെയും നടപടിയേയും കുറിക്കുന്നതാണു്. അതുകൊണ്ടു ആവക സ്ഥാനചിഹ്നങ്ങൾ ചരിത്രലക്ഷ്യങ്ങളെക്കാളും ഇതിഹാസങ്ങളെക്കാളും ജനസമ്മതി ആർജ്ജിച്ചുകഴിഞ്ഞവയാണു്. മഹാത്മജിയേയും തോല്പിക്കുന്ന അക്രമരാഹിത്യത്തിൽ ഇക്കൂട്ടർക്കു നല്ല തഴമ്പും തഴക്കവും ഉണ്ടെന്നുള്ളതിനു് ഈ പേരുകൾ ഒന്നാന്തരം സാക്ഷികൾ തന്നെ. ദൃഷ്ടാന്തം ചില പേരുകൾ ഇവിടെ ചേർക്കുന്നു. മറുതാഹെഡു്; കട്ടവാ തോമസു്; ഇടിയൻ നാരായണപിള്ള; തൊഴിയൻ പപ്പുപിള്ള; തെറിയൻ പത്മനാഭൻ; വടിവേലു; നഞ്ഞു നാരായണപിള്ള; കാലടി അനന്തൻ (കാലു മടക്കി അടിക്കാൻ വിദഗ്ദ്ധൻ) എന്നിങ്ങനെ പലരെയുമുണ്ടു്. ഈ മഹാത്മാക്കളിൽപ്പലരും "കോലംകെട്ടുപോയ" ദിവ്യകാരുണ്യത്തിന്റെ അരുമ സന്താനങ്ങളാണു്.

ഒരിക്കൽ ഒരു മേലാവു് ഒരു കിട്ടാപ്പുള്ളിയുടെ ചാർജ്ജുകാരനോടു പറഞ്ഞതാവിതു്: "അവൻ ഉന്നു ഹാജരാവാൻ പറയൂ!! ആറുദിവസംകൊണ്ടു മരിക്കുന്ന ഇടി ഇടിക്കാൻ എനിക്കറിയാം. ഇപ്പോഴും ചുമപ്പിക്കുന്ന ഇടിയുമുണ്ടു്. അതല്ലെങ്കിൽ ആറുമാസംകൊണ്ടു മരിപ്പിക്കുന്ന ഇടിയും ഇല്ലാതില്ല"—എന്താ ബുദ്ധിയുള്ളയാളല്ലേ അദ്ദേഹം!! ഇതറിഞ്ഞാൽ ഒളിച്ചു നടക്കുന്നവൻ ഓടി വന്നു ഹാജരാകുമല്ലോ? ഇങ്ങനെ ആത്മപ്രശംസയുള്ളവരും [illegible]ത്ത ബുദ്ധിയുടെ '(പാപ്പത്തരം)' ഉള്ളവരും ഇവരുടെയിടയിൽ ചുരുക്കമല്ല പക്ഷേ തടിമിടുക്കു് ഉണ്ടെങ്കിൽ ഈ കുറവു് ഒരു കുറവേ അല്ലല്ലോ. മര്യാദയും, ബുദ്ധിയും വകതിരിവും ഉള്ളവരും ഈ മഹാത്മാക്കളിൽ പലരുണ്ടു്. പക്ഷെ അവരെ ലോകം അധികം അറിയാറില്ല. അവരുമായിടപെടുന്നവർ മാത്രം അറിയും. ഇത്തരം മഹാത്മാക്കൾ "ഉടുപ്പിട്ടു" വെറുതെയെന്നാണു ഇവരുടെ കൂട്ടുകാർ പറയുന്നതു്. ഒരുമാതിരി മനുഷ്യസ്വഭാവം കൂടുതലുള്ളവർക്കു വലിയ സ്ഥാനമാനങ്ങളൊന്നും ഇവരുടെ ഇടയിൽ കിട്ടാറില്ല. പേരിനു ഒരു സത്യവാൻ ഗോപാലപിള്ളയെ മാത്രമല്ലേ വായനക്കാർ കേട്ടിരിക്കുകയുള്ളൂ.

സ്റ്റേറ്റുകോൺഗ്രസിന്റെ ആരംഭകാലത്തു ഈ മഹാത്മാക്കളുടെ വാളന്റിയർമാരായി സ്പെഷ്യൽഡ്യൂട്ടിയിൽ ഒരുതരം വിചിത്രസൃഷ്ടികളെ ഇറക്കിവിട്ടു. ഇവറ്റകളുടെ ചേഷ്ടികൾ എന്തെല്ലാമായിരുന്നുവെന്നു് നാട്ടുകാർക്കറിയാം. അവയെ വിവരിച്ചാൽ ലേഖന—മര്യാദയുടെ—അതിർ പൊളിക്കേണ്ടിവരും. എന്തിനു് ആ "ട്രസ്പാസ്സിനു്" വഴി വയ്ക്കുന്നു!

ഈ ആശ്രമത്തിൽ പ്രവേശിക്കുന്നവരെപ്പറ്റി നാട്ടിലെ പഴമൊഴി ഇതാണു്—"പോക്കിരിയല്ലെങ്കിൽ പോയി ചേരു"!!—എന്നാൽ ഇന്നു ഈ നില മാറിയിരിക്കുന്നു. നാട്ടുകാർക്കു ഐക്യം, സമാധാനം, പരസ്പരസ്നേഹം ഇവ വളർന്നതോടുകൂടിയും, വിദ്യാഭ്യാസം പരന്നതുകൊണ്ടും ഇന്നു ഈ മഹാത്മാക്കളിൽ പകുതിയിലധികവും സാമാന്യം മര്യാദബോധമുള്ളവരും ലോകനീതികളൊപ്പം എല്ലാം പ്രകടിപ്പിക്കുന്നവരും, ആയിമാറിയിട്ടുണ്ടു്. "പുട്ടിനു പീരയിട്ടതുപോലെ പഴയ ചില മുരടിച്ച സാമ്പിളുകളായ "അദ്ദേഹ"—അളും—"അങ്ങുന്നമാരും"—കണ്ടേക്കാം. അത്രേ ഉള്ളൂ. "ജനങ്ങൾ എങ്ങിനെയിരിക്കും.—ഭരണവും അങ്ങിനെ ഇരിക്കും"—എന്നു ഒരാൾ പറഞ്ഞതുപോലെ നാട്ടുകാരുടെ മര്യാദയും സ്വാതന്ത്ര്യബോധവും എത്ര വളർന്നിട്ടുണ്ടു് എന്നതിന്റെ മാനദണ്ഡമാണു് ഈ മഹാത്മാക്കളും. ഇവരുടെ "മെരുക്കൾ" കൊണ്ടു എത്രമാത്രം ജനങ്ങൾ നന്നായിട്ടുണ്ടെന്നറിയാനും, അക്രമശീലരുടെ എണ്ണവും നാട്ടുകാരുടെ ഹർജികൊടുപ്പിന്റെ സെൻസസും എടുത്താൽ മതി. സമാധാനപരിപാലനത്തിന്റെ പേരിൽ "അസമാധാന പരിപാടികൾ" സംഘടിപ്പിക്കുന്ന "ചാണക്യന്മാരും" ഈ മഹാത്മാക്കളിൽ ഉണ്ടു്. സാഹചര്യത്തെളിവുകൾകൊണ്ടു കള്ളനെ വെറുതെ വിടാനും സത്യസന്ധനും നിരപരാധിയും ആയ ഒരാളെ കുറ്റവാളിയാക്കി മാറ്റാനും ഈ ചാണക്യന്മാർക്കു

ള്ള പാടവം അന്യാദൃശ്യമാണു്.
മേലാവു് അദ്ദേഹം എത്ര കണിശക്കാരനായാലും കള്ളക്കാരനായാലും ഇന്ദ്രകാന്തക്കല്ല് വജ്രത്തെ അലിയിക്കുന്നതുപോലെ ഇക്കൂട്ടർ പറഞ്ഞു അദ്ദേഹത്തെമനം മാററിച്ചുകളയും.

കീഴാളരുടെയും പുള്ളികളുടെയും എരിയുന്ന നോട്ടം ഈ മഹാത്മാവിന്റെ നേരെ പായും. എങ്കിലെന്താ? ഇദ്ദേഹം ഭാഗ്യവാനാണ നാട്ടുപ്രമാണികൾ ജനദ്രോഹികൾ കള്ളമാർക്കററുകാർ—എന്നീ പാപഗ്രഹങ്ങളെ വലയം ചെയ്യുന്ന ഒരു ഉപഗ്രഹമായി ഇദ്ദേഹം പരിവർത്തിക്കുന്നു. ഉജ്ജ്വലപ്രഭാവരായ മേലാവുസൃഷ്ടന്മാരെ പററിച്ചുകൊണ്ടു ഈ ഗോളസഹസ്രങ്ങൾ അങ്ങിനെ നിയമസമാധാനങ്ങളാകുന്ന വിസ്തൃതവിയാഹസ്സിൽ വിഹരിക്കുകയാണു്.

താഴെകഴിയുന്ന പ്രജകളുടെ നിത്യനൈമിത്തികകാര്യങ്ങളിൽ—ഈമഹാത്മക്കളുടെ ഒ ദൃഷ്ടി പതിഞ്ഞാൽ മതി. ആയുധം തകർന്നതുതന്നെ.

ചില പൊതുജനദ്രോഹികൾ ഈ മഹാത്മാക്കളുടെ നിയന്ത്രണത്തിൽനിന്നു കൊണ്ടു നാട്ടുകാര്യസ്ഥരായി ഉയർന്നിട്ടുണ്ടു്. സ്വൽപശഃ മോഷണവും അൽപശ കിറുശിയും എന്നാരോ പണ്ടുപറഞ്ഞതുപോലെയാണിവരുടെ നില.

"കൈക്കൂലി"യെന്ന കേന്ദ്രത്തിൽ—അല്പതങ്ങളിൽ ഈഗ്രഹകോടികൾ അങ്ങിനെ പരസ്പരബന്ധം വിടാതെ നിൽക്കയാണു്. നിൽക്കട്ടെ, ലോകകാര്യങ്ങളുടെ ഇടയിൽ ഇവരും വേണമല്ലോ?

ഞങ്ങൾ ഇങ്ങനെയുള്ളവർ വേണമെന്നാണോ? നിങ്ങളുടെ അഭിപ്രായം—എന്നു ഇവരിൽ ചിലർ എന്നോടു ചോദിച്ചിട്ടുണ്ടു് ഇതിന്റെ അർത്ഥം എനിക്കു മനസ്സിലായിട്ടില്ല. തങ്ങളുടെ ആവശ്യത്തെപ്പററി ഇവർക്കുതന്നേ സംശയമായിത്തുടങ്ങിയെന്നാണോ ഇതിന്റെ അർത്ഥം? എന്തോ!

ഇപ്പോൾ ഖദർധാരികളും പൊതുകാര്യപ്രസക്തരും ഇവരുടെയിടയിലും ഉണ്ടു്. ഗവമ്മെന്റു ജനങ്ങളുടേതായാലും "ജനങ്ങൾക്കു്—ജനങ്ങൾ വേണ്ടിവരും" എന്നുള്ള ഒരു ശുഭപ്രതീക്ഷ ഇപ്പോൾ ഇവരിൽ ചിലർക്കു ഉണ്ടായിട്ടുണ്ടു്. നാട്ടുകാരുടെ, തൊഴിലാളികളുടെ—എല്ലാററ മക്കളും, സഹോദരന്മാരുമായ ഈ മഹാത്മാക്കളും ഒരു സംഘടനയിൽ ചേർന്നു—ശിക്ഷണയുക്തമായിക്കഴിയുന്നവരാണു്. അവരെ നാം കാര്യമായി ഗണിക്കാതിരിക്കരുതു്. ഒരു മർദ്ദനയന്ത്രത്തിന്റേതാണു് ആ സംഘടന—യെന്നു മറക്കാതിരുന്നാൽ മതി.

ഈ മഹാത്മാക്കളുടെ ചെയ്തികളിൽ പലതിന്റേയും അർത്ഥം ശുദ്ധഗതിക്കാർക്കു മനസ്സിലാവുകയില്ല. ഇതിൽ പല അടവുകളും ഉണ്ടു്. അവയൊന്നും വിവരിക്കുന്നില്ല

ഒരു പുള്ളിയെ കൊണ്ടുവന്നു ആശ്രമത്തിൽ കയററി കയ്യും കാലും കെട്ടിക്കൊണ്ടു ഒന്നിലധികം പേർകൂടി പ്രഹരിച്ചു ധീരതകാണിക്കുന്ന മഹാത്മാക്കൾ ഉണ്ടെന്നു പല അനുഭവസ്ഥരും പറഞ്ഞറിയുന്നു. ഇതാണു ധീരതയും കാരുണ്യവും എങ്കിൽ പിന്നെ എന്തു പറയാനാണു്?

ഒരിക്കൽ നാട്ടുകാരിൽ ചിലർകൂടി ഒരു മഹാത്മാവിനെ പിടിച്ചുകെട്ടി തല്ലി. അയാളുടെ ഉളുപ്പും പൊട്ടി. അപ്പോൾ മഹാത്മാക്കൾ പറഞ്ഞ പഴയ വാചകം ഇതാണു്, "പൂരം നിങ്ങളുടേതു നടക്കും. അകത്തു കിട്ടിയാൽ ഞങ്ങളുടേതും." കൊള്ളാം ശരിയാണു് ഇങ്ങിനെ ജനങ്ങളും ഈ മഹാത്മാക്കളും തമ്മിലുള്ള "അകംപുറം കളി"യുടെ പുരോഗതിയിൽ എന്തു മാററം വന്നുവെന്നു വിശദമായി അറിഞ്ഞുകൂടാ.

ഈയിടെ വായിച്ച ഒരു പത്രറിപ്പോർട്ടിൽ നിന്നു ഇതെല്ലാം "വടക്കുനോക്കിയന്ത്രത്തിന്റെ സൂചിപോലെ"——നോക്കിയടത്തു തന്നേ നോക്കിനിൽക്കുന്നുവെന്നു വേണം വിചാരിക്കാൻ !

ശ്രീ "കേസഗാൾ" എന്ന ഒരു രാഷ്ട്രീയ പ്രവർത്തകൻ നഗ്നനായി ആശ്രമത്തിൽനിന്നു കൊടുക്കാൻ വിസമ്മതിച്ചതുകൊണ്ടു—അദ്ദേഹത്തിന്റെ രോമങ്ങൾ പിടിച്ചുവലിച്ചു പിഴതുവെന്നാണു റിപ്പോർട്ടു. നോക്കൂ! മഹാത്മാക്കളുടെ അഹിംസ !! മൃദുലമായ അക്രമരാഹിത്യം!! എന്താ! ഇങ്ങിനെ—നരകമുണ്ടെങ്കിൽ അവിടെയും, നടപടികൾ കാണുമോ? നിയമവും നിയമജ്ഞരും ഇതിനൊന്നും കൂട്ടുകാരല്ല കേട്ടോ! ഇവരണ്ടും കോൺഗ്രസ്സിനും ലീഗിനും ഇടയിൽ "ഷേവൽപ്പക്ക്"പോലെ വിലസുകയാണു. മഹാത്മാക്കളും ശിഷ്യവർഗ്ഗവുമായിട്ടല്ലേ ഇടപാടു മുഴുവൻ. ഇതൊക്കെ മനസ്സിലാക്കിയതു് മഹാത്മാക്കളെ തിരുത്തിയാനുള്ള വലിയ വകതിരിവിന്റെ ഫലമാണു്.

# പതിമൂന്നാം പേജ്

(ബാലൻ)

നാട്ടുരാജ്യങ്ങൾ പുരോഗമിക്കണമെന്നാണു് പണ്ഡിററ് നെഹ്റുവിന്റെ ഉപദേശം. എന്തിനാണപ്പാ ഇതു് ഇത്ര വലിയ കാര്യമായി പറയുന്നതു്. ഇതിനാർക്കാണു് വിരോധം. സർ. സി.പി.യും മദ്രാസിൽ വച്ചു് ഇതു തന്നെയല്ലേ പറഞ്ഞതു്? നാട്ടുരാജ്യങ്ങൾ പുരോഗമിക്കണം. പഴയ ഉടമ്പടികളെ പിടിച്ചു കൊണ്ടു് നടക്കരുതു്. ശരി അങ്ങനെയാകട്ടെ.

ബാലനൊരു സംശയം. പിന്നെ ഇവർ രണ്ടുപേരുമെന്തിനാണു വഴക്കടിക്കുന്നതു്. രണ്ടു പേർക്കും വേണ്ടതൊന്നു തന്നെയാണു്. കൊച്ചമ്മയ്ക്കും കുക്കനും കോഴി നന്നാകണമെന്നുണ്ടു് എന്നാൽ പിന്നെ കോഴിവളർത്തു് യോജിച്ചായിക്കൂടേ!

*　　*　　*　　*

ഉദയപ്പൂരു് വളരെ തണുപ്പുള്ള രാജ്യമാണെന്നു് തോന്നുന്നു. അവിടെ വച്ചു് വളരെയധികം കണ്ടുപിടുത്തങ്ങൾ നടക്കുന്നുണ്ടു്. ശ്രീ ഈ. ജോൺ ഫിലിപ്പോസു് കണ്ടുപിടിച്ചിരിക്കുന്ന പ്രായപൂർത്തിവോട്ടവകാശം അപ്രായോഗികമാണെന്നു്. അപ്രായോഗികമാണു് സാറേ ഈ സോഷ്യലിസമൊക്കെ അപ്രായോഗികമാണു്. ഇതൊക്കെ സൊല്ലയാണു്. നമ്പൂതിരി പറഞ്ഞതു പോലെ "ക്ഷയായിനികൾക്കും കുഷ്ഠനും ഓരോ വോട്ടു് മാത്രം". അതു ശരിയല്ല. വീട്ടിൽ വിറകു് കീറുന്നവനും, കൊച്ചമ്മയുടെ റിക്ഷാക്കാരനും, കുട്ടിയെ എടുക്കുന്നവനും, അടുക്കളയിലെ നാണിയും ഒക്കെ വോട്ടു് ചെയ്യുകയെന്നോ? അതു് ഭയങ്കരമാണു്. മില്ലുടമസ്ഥന്മാർക്കു് മാത്രം വോട്ടു മതി. അതാണു് സൌകര്യം. അല്ലെങ്കിൽ ഈ തെണ്ടിപ്പരിഷ അന്നു ചെയ്യുന്നതോർക്കുന്നില്ലേ, എററിസിസി തിരഞ്ഞെടുപ്പിനു്. കണ്ട കാളനേം പൂളനേം ഒക്കെ തിരഞ്ഞെടുത്തു നേതാക്കന്മാരെ ഒരു നന്ദിയുമില്ലാതെ അങ്ങു് മറന്നുകളഞ്ഞു. ഈ "മോബിനു്" രാജ്യം ഭരിക്കാനറിയാമോ, അവർക്കു് പോളിററിക്സു് ഉണ്ടോ?

അപ്പോൾ നെഹ്റുവും അതു ശരി വച്ചല്ലോ എന്നെന്നോടു് ചോദിക്കരുതേ. നെഹ്റുവും ബാലനുമായി അടുത്ത പരിചയം ഇല്ല. അദ്ദേഹം സോഷ്യലിസ്റ്റായതുകൊണ്ടാണു് പ്രായപൂർത്തിവോട്ടവകാശം എതിർക്കുന്നതു്. ഇതിനുത്തരം പറയാൻ ബാലനെക്കൊണ്ടും ബാലന്റെ അച്ഛനെക്കൊണ്ടും കഴിയുകയില്ല. പണ്ഡിററ്ജി, അമേരിക്കൻ മാസികകൾ വായിച്ചു് തലയിൽ കയററിയ ചെളിയൊക്കെ ഒന്നു് ചവിട്ടി കുഴകിക്കളയുമോ? ഭൂതകാലത്യാഗവും, ആനന്ദഭവനത്തിന്റെ തറവാടിത്തവും കൊണ്ടു മാത്രം ഇനി നയിക്കാമെന്നു് വ്യാമോഹിക്കാതെ വേണം, പ്രായപൂർത്തിവോട്ടവകാശം വേണം. എന്നു് വിളിച്ചു പറയുന്നവരാണു് ഭാരതത്തിലെ കോടികൾ, അതേ നിങ്ങൾ രാവും പകലും എടുത്തെടുത്തു പറയുന്ന കോടികൾ എന്നോർമ്മവയ്ക്കുക.

തിരുവിതാംകൂർ പ്രതിനിധികളാണെങ്കിൽ—സ്റ്റേറ്റുകോൺഗ്രസ്സു് ചട്ടങ്ങളിലെ ഏററവും പ്രധാനമായ ഭാഗമാണു് പ്രായപൂർത്തിവോട്ടവകാശം. അതിനെ ഉദയപ്പൂരിൽ പോയി നിഷേധിച്ച അവർ ആരുടെ പ്രതിനിധികളാണു്? അവരുടെ പേരിൽ ശിക്ഷണനടപടി എടുക്കാൻ കഴിയുമോ?

ഇല്ലായിരിക്കാം, ഈയിടെ ശിക്ഷണനടപടി മുഴുവനും എന്തോ ഒരാവശ്യത്തിനായി മാററിവച്ചിരിക്കയാണല്ലോ. വെറുതെ ശല്യപ്പെടാതെ കേളപ്പനവർകളേ ഉത്തരം പറയൂ, തെളിഞ്ഞുനിന്നു്. നിങ്ങളെങ്ങോട്ടാണീ പോക്കു്.

*　　*　　*

ലീഗിനെ തോൽപിക്കാനായിരിക്കും അല്ലേ, വളരെ നല്ലതു്. അതിനു പററിയ കൂട്ടുണ്ടു്. അഭ്യന്തരസമരമുണ്ടായാലും പാകിസ്ഥാനെ എതിർക്കണ വീരന്മാരുണ്ടു്. വെറും എല്ലും മുട്ടി കടിച്ചു തിന്നു കഴിയുന്ന ലീഗുകാരോടു കരം വഴുതനങ്ങളായും പടവലങ്ങളായുമായി ഞങ്ങൾ യുദ്ധത്തിനു പോകാം. പോകുമെന്നല്ല, യുദ്ധം ചെയ്യുകയും ചെയ്യും. ഒരൊററ സനാതനിയുടെ തലയിൽ ഒരു പൊടി കളിമണ്ണു ശേഷിക്കുന്നതുവരെ ഞങ്ങൾ രണമാടും. കീജേ.

*　　*　　*

ഉദയപ്പൂരിനു പോകുന്ന വഴിക്കു് ഒരു കുഴപ്പം. മദ്രാസിലെത്തിയപ്പോൾ കുറെ പയ്യന്മാർ വന്നു "ഡൽഹിചലോ" എന്നു നിർബന്ധിച്ചു. വലിയ കഷ്ടത്തിലായല്ലോ. പോകാതിരിക്കാമോ. പോകാമോ ബാലനതുകൊണ്ടിങ്ങു് തിരിച്ചുപോന്നു.

*　　*　　*

സായ്പു് വളരെ ബുദ്ധിമുട്ടിയും നീണ്ട വിചാരണ കഴിച്ചു കുററക്കാരെന്നു കണ്ടുപിടിച്ചു കഴിഞ്ഞു് ഐ. എൻ. എ. ക്കാരെ വെറുതെ

വിട്ടു. ഈ പ്രഹസനംകൊണ്ടു സായ്പ്പ് യോഗ്യനായ ഭാവമാണു നടിക്കുന്നതു്. ജനകീയ പ്രക്ഷോഭംകൊണ്ടാണെന്നു പറഞ്ഞാൽ അതും ചിലർക്കു പന്തിയല്ല. ഇതിൻ വേണ്ടി ആകൽക്കുട്ടായിട്ടേയും മററും വിദ്യാർത്ഥികളുടെ രക്തം ചിന്തണമായിരുന്നോ സായ്പേ

*　*　*

പക്ഷേ സായ്പിൻ നല്ലകാലമാണു്. ആശിച്ചിരിക്കാതെ സായ്പിനു പണം കിട്ടുന്നുണ്ടു്. തിരഞ്ഞെടുപ്പുകൾക്കു കെട്ടിവയ്ക്കുന്ന പണം തിരിച്ചു കൊടുക്കുകയാണു പതിവു്. പക്ഷേ ഈ പ്രാവശ്യം സായ്പു ജയിച്ചു. ലീഗു സ്ഥാനാർത്ഥികൾക്കും പൊതു നിയോജകമണ്ഡലത്തിൽ കോൺഗ്രസ്സ് സ്ഥാനാർത്ഥികൾക്കും എതിരായിനിന്ന മിക്കവരുടേയും പണം, സർക്കാരിനു കിട്ടി. ലീഗും കോൺഗ്രസ്സും ജയിച്ചതിൽ അൽപം വല്ലായ്കയുണ്ടായിരിക്കാം. എങ്കിലും സായ്പേ, പണം കുറെ കിട്ടിയില്ലേ

*　*　*

ബാലൻ വളരെ അസൂയയുള്ള കൂട്ടത്തിലല്ല. എങ്കിലും ഒരു കാര്യത്തിൽ ഉണ്ടു്. തിരുവനന്തപുരം പാർക്കിൽവച്ചു ചില യോഗ്യന്മാർ ഭാര്യമാരെ പ്രദർശിപ്പിച്ചുകൊണ്ടു നടക്കുന്നതു കാണുമ്പോൾ തോന്നാറുണ്ടു് നമുക്കും ഈ ഭാഗ്യമില്ലല്ലോ എന്നു്. ഇനി അവന്മാരൊന്നു നടക്കട്ടെ എന്നാണു ബാലൻ പറയുന്നതു്. ഇനി അവരും ബാലൻ നടക്കുന്നതുപോലെ ഒററതിരിഞ്ഞു നടക്കണം. രണ്ടുപേർ കൂടിയാൽ ഘോഷയാത്രയാകും. അതു നിരോധിച്ചിരിക്കുകയാണു്. അധികം മൂത്താൽ അങ്ങിനെയിരിക്കും. സൗന്ദര്യമുള്ള ചില പെൺകിടാങ്ങൾ വഴിയിൽകൂടി നടക്കുന്ന കാര്യത്തിലാണു് ഇനിയൊരു ഉപദ്രവം കിടക്കുന്നതു് ആരാധകന്മാർ അൽപം അകലെ മാറി നടന്നില്ലെങ്കിൽ അപകടമുണ്ടു്.

160 റാത്തലിൽ കൂടിയ ആളുകളെയും ഇതു ബാധിക്കാൻ ഇടയുണ്ടു്.

*　*　*

കോഴിക്കോട്ടുനിന്നൊരു വിശേഷം. അവിടെ ഒരു വലിയമനപ്പ[illegible]മുണ്ടു്. അവർ റായിട്ടർ, എ. പി. ഐ. മുതലായ വാർത്താവിതരണക്കാരുമായിട്ടുള്ള ബന്ധം നിറുത്തൽ ചെയ്യുകയാണു്. സ. ലേ. മാരേയും ഒ. ലേ. മാരേയും പിരിച്ചുവിടുകയാണു്. ഈ ഏർപ്പാടുകൊണ്ടു അനാവശ്യമാണെന്നാണു തീരുമാനിച്ചിരിക്കുന്നതു്. ആവശ്യമുള്ള ന്യൂസൊക്കെ അപ്പീസിലിരുന്നുതന്നെ ഉണ്ടാക്കാൻ കഴിവുള്ള നേതാക്കന്മാരുണ്ടവിടെ. ദേശീയത്വമെന്നതു എന്തൊരു ഇൻസ്പിരേഷനാണെന്നറിയാമോ. വല്ലാത്തതാ. അതങ്ങു ചെന്നാലുണ്ടല്ലോ പിന്നെ ന്യൂസ് സൃഷ്ടിക്കുക മാത്രമല്ല, എന്തുതന്നെയും ചെയ്യാം. ജയഹിന്ദ്!

*　*　*

മാതൃഭൂമി പത്രത്തിനു് ഈയിടെയായി വളരെ വിശേഷപ്പെട്ട ചില കണ്ടുപിടുത്തങ്ങളുണ്ടു്. സോവിയററ് പ്രണയംമൂത്തു കണ്ടുപിടിച്ചിരിക്കുന്നു, സാർഭരണം വളരെ നല്ലതായിരുന്നുവെന്നു്. ന്യായവുമുണ്ടു്. ബ്രിട്ടീഷുകാർ ഇന്ത്യാ ഭരിച്ചിട്ടുള്ള ഗുണത്തിൽ കൂടുതലായിരുന്നുവെന്നാണു വാദം. റഷ്യയിലെ ജയിലുകൾ വളരെ നന്നായിരുന്നുവെന്നും കണ്ടുപിടിച്ചിട്ടുണ്ടു്. എണ്ണിയെണ്ണി പറയുക സാദ്ധ്യമല്ല. ജനുവരി 6-ാംനു-യിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിലെ ഒരു ലേഖനം വായിക്കേണ്ടതു് വളരെ അത്യാവശ്യമാണു്. ലേഖകന്മാരുടെ അഭിപ്രായങ്ങൾക്കു് പത്രം ഉത്തരവാദിയല്ലെന്നു് പറഞ്ഞേക്കാം. ഉത്തരവാദിത്വമില്ലാതിരുന്നേക്കാം. പക്ഷേ ദേശീയത്വത്തിന്റെ പേരു പറഞ്ഞു കാട്ടിക്കൂട്ടുന്ന ഈ വികൃതികൾ എങ്ങിനെയാണു ജനങ്ങൾ വായിക്കുന്നതെന്നേ ബാലനു് ആലോചനയുള്ളു. ബാലനു പ്രത്യേകിച്ചു വലിയ ബന്ധമൊന്നും സോവിയററിനോടുണ്ടായിട്ടല്ല. സോവിയററിനെപ്പററി പണ്ടു് ഈ പത്രത്തിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന ലേഖനങ്ങൾ മുഴുവനും കളവാണെന്നായിരിക്കാം ഇപ്പോഴത്തെ കണ്ടുപിടുത്തം. പിന്നെയും വാദിച്ചേക്കാം; നിഷ്പക്ഷതയ്ക്കു വേണ്ടിയാണെന്നു്. രണ്ടു വശവും ഒരുപോലെ കാണുന്നതിനു വേണ്ടിയാണെന്നു്. എന്നാൽ ബ്രിട്ടീഷുകാർ ഭാരതത്തിനു ചെയ്തിട്ടുള്ള ഗുണഗണങ്ങളെപ്പററിയും കുറെ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിക്കൂടേ?

ഇങ്ങനെ പോയാൽ ബ്രിട്ടീഷുകാരെയും നീതീകരിക്കുന്ന ഒരു ഭാവി ആ പത്രത്തിനു വരികയില്ലെന്നാരറിഞ്ഞു.

*　*　*

ശ്രീ. ഗംഗാധരൻനായരുടെ അഭിപ്രായം പാർലമെണ്ടറിഡെലിഗേഷനെ സന്ദർശിച്ചു് ഉത്തരവാദിത്വഭരണത്തെ പററി സംസാരിക്കണമെന്നാണു്. ഇതിനൊക്കെ സായ്പിന്റെ ഈ നാടകക്കമ്പനിയിൽ ചേരണമോ. തിരുവിതാംകൂറിലെ ജനങ്ങളുമായി ആലോചിക്കുകയല്ലേ കുറേക്കൂടി ഉത്തമം എന്നൊരു സംശയം.

ഗ്രന്ഥവിചാരം

# വികാസം

## ഗ്രന്ഥകർത്താ- ടി. എസ്. തിരുമുമ്പ്

ദേശാഭിമാനിപ്രസ്സ്, കോഴിക്കോട്. വില 12 ണ

"......ശ്രീ, സുബ്രഹ്മണ്യൻ തിരുമുമ്പ് ഒരു കവി മാത്രമല്ല, സ്വാതന്ത്ര്യഭടൻകൂടിയാണ്. സ്വാതന്ത്ര്യസമരത്തിൽ അദ്ദേഹത്തിനുണ്ടായിട്ടുള്ള അനുഭവങ്ങൾ അദ്ദേഹത്തിന്റെ കവിതകൾക്കു ചോരയും മാംസവും കൊടുത്തിട്ടുണ്ട്, സ്വാതന്ത്ര്യസമരത്തിലേക്കു ജനങ്ങളെ ആവേശഭരിതരാക്കിയിറക്കുന്നതിനുവേണ്ടിയാണ് അദ്ദേഹം ഒരു കവിയായിട്ടുള്ളത്."— ശ്രീ ഉണ്ണിരാജായുടെ പൊടിപ്പൻ അവതാരികയിലൂടെ മേൽ കാണും പ്രകാരം കവിയെ പരിചയപ്പെട്ടുകൊണ്ട് ഗ്രന്ഥത്തിന്റെ ഉടലിലേക്കു കടക്കുന്ന ഒരാൾക്ക് ഇച്ഛാഭംഗവും, ആഹ്ലാദവുമാണുണ്ടാവുക.

മൂന്നു ഭാഗങ്ങളായി തിരിച്ചിട്ടുള്ള ഈ കാണാൻ അഴകുള്ള കൊച്ചു പുസ്തകത്തിൽ ആകെ ഇരുപത്തിമൂന്നു കവിതകളാണുള്ളത്. തികഞ്ഞ പിന്തിരിപ്പൻ കൊടിയടയാളം പിടിച്ചുകൊണ്ടു മുൻപന്തിയിൽ നിരന്നിരിക്കുന്ന ഏതാനും കവിതകളെ ലജ്ജിപ്പിക്കുമാറു് ഉശിരും ഉൾക്കനവും ഉള്ള ഉൽപതിഷ്ണുത്വത്തിന്റെ ചോരയോട്ടം ; പിന്നാലെയുള്ള ഒട്ടേറെ കവിതകളിൽ വായിക്കാം. ഇരുപാട്ടുകാരുടേയും തോളിൽ കൈയിട്ടുകൊണ്ടു്, എന്നാൽ ഉൽപതിഷ്ണുത്വത്തിലേക്കു തെല്ലൊന്നു ചാഞ്ഞുനിൽക്കുന്ന ഒരു കവിയാണു് വികാസത്തിൽ പ്രത്യക്ഷപ്പെടുന്നതു്.

"അഭ്രംകഷങ്ങളാം തുംഗശൃംഗങ്ങളാൽ
വിഭ്രമമേന്ത്യ മഹീധ്രങ്ങളും
അംബരചുംബിതശീർഷരസാലക-
ദംബവുമേതൊന്നിന്നുന്നതത്വത്തെ"

(പ്രതീക്ഷ)

എന്നിങ്ങനെ ദ്രാവിഡവൃത്തത്തെ സംസ്കൃതപദങ്ങൾകൊണ്ടു കണക്കറ്റു ശ്വാസം മുട്ടിക്കുന്ന ഒരു കവിയെ ഇതിൽ കാണാം.

അതോടൊപ്പം,

പാവങ്ങൾ തൻ ജീവരക്തം കുടിപ്പോർക്കു
ഭാവിയിലാപത്തിൻ ചെങ്കുറിയായ്,
വിദ്രുതം ചൂഷിതവർഗ്ഗത്തിൽപ്പൊങ്ങുമാ-
വിപ്ലവച്ചിന്തി തൻ മാറ്റൊലിയായ്
പാറിക്കളിക്കുക, നീന്തിത്തുടിക്കുക
പൂർണ്ണസ്ഥിതിസമത്വപ്പതാകേ"

(രക്തപതാകാഗാനം)

എന്നിങ്ങനെ ആത്മാവിനോടു ഒട്ടിച്ചേരുന്ന പരമരസികൻ ഈരടികൾ പാടുന്ന ഒരു ജനകീയ കവിയേയും ഇതിൽ കാണാം.

മലയാളവൃത്തങ്ങളിൽ കഴിയുന്നതും മലയാളപദങ്ങളുപയോഗിച്ചു്, കേരളീയ സംഗീതഭംഗി ഇല്ലെന്നു പറയുന്ന തമിഴിനെ വെല്ലുവിളിക്കുകയാണു് നമ്മുടെ ആധുനിക മഹാകവികളും യുവകവികളും. സംസ്കൃതത്തിന്റെ ചുമട്ടുതാങ്ങിയെന്ന നിലമാറി മലയാളം തറവാടിത്തം പുലർത്താൻ തുടങ്ങിയിരിക്കുന്നു എന്നാശ്വസിക്കുകയാണു് നമ്മുടെ നിരൂപകന്മാർ. ഈ "നവോത്ഥാന"ത്തിന്റെ അരങ്ങത്തുവരാൻ ശ്രീ. തിരുമുമ്പിന്റെ "പ്രതീക്ഷ"യ്ക്കും അവളുടെ ഏതാനും അയൽക്കാരികൾക്കും ധൈര്യം വന്നതാണത്ഭുതം!

"പത്മകിഞ്ജൽകപിശംഗാംബരം ചാർത്തി (ഹൃത-
മത്തസൗന്ദര്യസമ്പത്തിറങ്ങി, പൂവാംപെൺ."

(സ്വാഗതം)

എന്ന മട്ടിലുള്ള സംസ്കൃതബാഹുല്യവും,

സീമയില്ലാ ദിനമാസവത്സരയുഗ-
സ്തോമങ്ങൾകാലപഞ്ജരത്തിൽ പക്ഷികൾപോലെ
ഒന്നുസുഖമിന്നതസുഖമെന്നുള്ളോരോ
തോന്നലജ്ഞമാം ചിത്തത്തിൻ നിഴൽമാത്രമേ!

(കാലം)

എന്നിങ്ങനെയുള്ള "കേകാഗദ്യങ്ങളും" ഒരു കവിതയുടെ ആദ്യത്തെ ഈരടികളായ

ഇന്നു മൻമാനസക്ഷേത്രകവാടം തു-
റന്നുകിടപ്പില്ലേ മുന്നേപ്പോലെ"

(ഞാനും കവിതയും)

എന്നതിലെ "തുറന്നു" എന്ന പാവപ്പെട്ട പദത്തെ വെട്ടിപ്പിളർന്നതിലുള്ള വൃത്തികേടും, വായിച്ചു വെള്ളം കിട്ടാത്ത മരുഭൂമിയിലലഞ്ഞ യാത്രക്കാരനെപ്പോലെ നിരാശപ്പെടുന്നവർക്കു പിന്നീടുള്ള കവിതകളിലേക്കു കടക്കുമ്പോൾ ഒരു ഒയസീസിൽ എത്തിയ അനുഭവമാണുണ്ടാവുക.

# ക്ലാസിസിസം

(വക്കം എം. അബ്ദുൽഖാദർ)

"കഴിഞ്ഞ തവണ സാഹിത്യസ്ഥാനങ്ങളെപ്പറ്റി അവിടുന്നു പുസ്തകത്തിൽ പറഞ്ഞ ഓരോ വാക്കും ഞാൻ ഇപ്പോഴും ഓർമ്മിക്കുന്നു. സാഹിത്യപരമായ പഠനങ്ങളിൽ അവിടുന്നു് എനിക്കു് ഒരു പുതിയ വഴിത്തിരിവു തന്നിരിക്കയാണു്". നമ്മുടെ യുവാവു വൃദ്ധനെ നോക്കി ഉല്ലാസപൂർവ്വം പറഞ്ഞു. ആത്മനിയന്ത്രണം സാധിക്കുന്ന ഒരു സിദ്ധൻ്റെ ഗാംഭീര്യത്തോടും ലളിതസുന്ദരമായ പ്രശാന്തതയോടും കൂടി കാണപ്പെട്ട വൃദ്ധൻ യുവാവിൻ്റെ വാക്കുകൾ കേൾക്കാത്ത മട്ടിൽ എന്തോ ആലോചനയിൽ മുഴുകി.

അവർ കമനീയമായ കടൽത്തീരത്തിരിക്കയായിരുന്നു. നേരം സന്ധ്യ, അവരുടെ സമീപത്തും അവിടവിടെയും ആളുകൾ കൂട്ടം കൂട്ടമായി കാറ്റുകൊണ്ടു വെടിപറഞ്ഞു രസിച്ചിരിക്കുന്നു. വെൺപട്ടുമെത്തപോലുള്ള മണൽപ്പരപ്പു്. നാനാവർണ്ണസങ്കലിതമായ പശ്ചിമചക്രവാളം. ഏതോ ഒരു അപരിമേയപ്രഭാവത്തെ പ്രകീർത്തനം ചെയ്തുകൊണ്ടു കിടക്കുന്ന നിസ്സീമമായ നീലക്കടൽ.

യുവാവും എന്തോ ആലോചിക്കുന്ന മട്ടിലിരുന്നു. അങ്ങനെ ഏതാനും മിനിട്ടുകൾ കഴിഞ്ഞു. "നിങ്ങൾ ഇസങ്ങളെക്കുറിച്ചു് ആലോചിക്കയാണോ?" വൃദ്ധൻ അദ്ദേഹത്തിൻ്റെ മൗനം ഭഞ്ജിച്ചു. "അതെ, അന്നു് എനിക്കു കിട്ടിയ അടിയെപ്പറ്റി ഞാൻ ഓരോന്നു ചിന്തിച്ചിരുന്നുപോയി. ചിലപ്പോൾ ആ അടിയുടെ ഭാഗം കുറെശ്ശെ നോവുമുണ്ടു്". യുവാവു വളരെ ഗൗരവത്തിൽ പറഞ്ഞു. വൃദ്ധൻ്റെ അധരങ്ങളിൽ ഒരു മന്ദഹാസം സഞ്ചരിച്ചു. "രാമൻ അതു ഊക്കോടുകൂടിയാണു് അടിച്ചതു്, അല്ലേ? നിങ്ങളുടെ സംശയങ്ങളുടെ പേരുകളാണു് അവനെ സംഭ്രമിപ്പിച്ചതും കോപിപ്പിച്ചതും. കൊള്ളാം, ആളും തരവും നോക്കാതെ നിങ്ങൾ ആ പേരുകൾ മേലിൽ ഉച്ചത്തിൽ പറയണമെന്നില്ല. മഠയന്മാർ ആലോചിച്ചു പ്രവർത്തിക്കുന്നവരല്ല. അതിനാൽ ഇക്കാര്യത്തെപ്പറ്റി പ്രത്യേകം കരുതൽ ഉണ്ടായിരിക്കുന്നതു നന്നു്...

---

ഹൃദയത്തിൽനിന്നും പുറപ്പെട്ട, ഹൃദയത്തിൽ ചെന്നലയ്ക്കുന്ന—ആത്മാർത്ഥതയുടെയും, ആത്മാഭിമാനത്തിൻ്റെയും സന്ദേശവാഹികളായ—കവിതകളുടെ ഒരു തേരോട്ടം തുടങ്ങുകയായി.

ഇതാ നോക്കൂ—

തലനരയ്ക്കുവതല്ലെൻ്റെ വൃദ്ധത്വം
തലനരയ്ക്കാത്തതല്ലെൻ്റെ യുവത്വവും".
പിറവിതൊട്ടുനാളിതുവരെയെന്നെന്നുമേ,-
പ്പതിവുകൊണ്ടുവളപ്പതെൻയൗവനം;
കൊടിയ ദുഷ്പ്രഭുത്വത്തിൻ തിരുമുമ്പിൽ
തലകുനിയ്ക്കാത്ത ശീലമെൻയൗവനം.
ധനികാധികൃതിതൻ കണ്ണുരുട്ടലിൽ
പനിപിടിക്കാത്ത ശീലമെൻയൗവനം;
വിഷമഘട്ടത്തിലേതിലും ചോരുമേ
പതറിടാത്ത ഹൃദന്തമെൻയൗവനം!"

(എൻ്റെ യുവത്വം)

"പൊക്കിപ്പിടിക്കുക നാമിക്കൊടിയേതു
മക്രമത്തെയുമെതിർത്തുനില്ക്കാൻ—
ലക്ഷോപലക്ഷം സാധുക്കളിതിൻമാനം
രക്ഷിക്കാൻ ചോരയൊഴുക്കിമന്നിൽ
ആയിരമായിരം പാവങ്ങൾക്കിക്കൊടി
നേടിക്കൊടുത്തു ജന്മാവകാശം!

(രക്തപതാകാഗാനം)

അതിനും പുറമെ ഈ പുസ്തകം കണ്ടാലുടനെ മറിച്ചുനോക്കേണ്ട ഒരു പേജുണ്ടു്—മുപ്പത്തഞ്ചു്. സംഗീതസുഖമുള്ള കണ്ഠങ്ങളിലൂടെ കേരളത്തിൻ്റെ നാനാഭാഗങ്ങളിലുമുള്ള ദേശാഭിമാനികൾ കേട്ടു വീറുകൊള്ളുന്ന ഒരു മികച്ച ദേശീയഗാനം ആ പേജിൽ കാണാം. ഉടവാൾ. അതു പദ്യമോ പാട്ടോ എന്നു ചികഞ്ഞുനോക്കുന്നവർ നോക്കിക്കൊള്ളട്ടെ; ഞാനതിനു തയ്യാറില്ല.

"ഉടവാൾ, ഉടവാൾ, ഉടവാളക്കൊല-
യാളർതൻ നെഞ്ചിൽത്താൻ തറപ്പിപ്പാൻ
ഇരമ്പിയോടും സ്രോതസ്സുകളാ-
ലുയർന്ന ശൈലവ്രാതത്താൽ,
മനോഹരം ശ്രീഫലദ്രുമിഷ്ടം
നാടിതു നന്നായ്‌ രക്ഷിക്കാൻ,
തെളിഞ്ഞതാരാജാലം പുഞ്ചിരി
തൂകുംനാടിതു രക്ഷിക്കാൻ—ഉടവാൾ....

ശ്രീ. തിരുമുമ്പിൻ്റെ ദേശീയബോധത്തിൻ്റെയും, സ്വാതന്ത്ര്യപ്രേമത്തിൻ്റെയും, സർവ്വോപരി കവിത്വത്തിൻ്റെയും നിത്യസ്മാരകമാണു് ഉടവാൾ!

ശ്രീ. ഉണ്ണിരാജായുടെ അവതാരികയിലെ "സ്വാതന്ത്ര്യഭടനെ" ഞാൻ ഇവിടെക്കണ്ടു. ആ പോരാളിക്കു എൻ്റെ മംഗളാശംസകൾ!

(ആനന്ദക്കുട്ടൻ)

ഇന്നു നമുക്കു ക്ലാസ്സിസിസത്തെപ്പററി ചിന്തിക്കരുതോ?”

യുവാവ്—ഞാൻ ഇക്കാര്യം പറയുവാൻ ഭാവിക്കയായിരുന്നു.

വൃദ്ധൻ—ക്ലാസ്സിസിസത്തെക്കുറിച്ചു നിങ്ങൾ പലതും ചിന്തിച്ചിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

യുവാവ്—അതെന്താണെന്ന് അറിയുവാൻ ഞാൻ പല വലിയ ശ്രമങ്ങളും നടത്തിനോക്കി ഫലപ്പെട്ടില്ല. ഇടത്തരം പെട്ടികളോളം വലിപ്പമുള്ള പല പുസ്തകങ്ങളും എടുത്തു മറിച്ചുനോക്കി. ക്ലാസ്സിസിസത്തെപ്പററി അവയിൽ പലതിലും വായിച്ചു. ഒന്നും മനസ്സിലായില്ല. പല വിദ്വാന്മാരോടും ചോദിച്ചു. അവർ എന്തൊക്കെയോ പറഞ്ഞു. ഒന്നും മനസ്സിലായില്ല. അതുകൊണ്ടായിരിക്കാം പണ്ഡിതന്മാരോടും പുസ്തകങ്ങളോടും ഒരുമാതിരി വല്ലാത്ത വെറുപ്പു തോന്നിത്തുടങ്ങിയിരിക്കുന്നതു്.

വൃദ്ധൻ—കഴിഞ്ഞ തവണ ഞാൻ ഓർമ്മിപ്പിച്ചില്ലേ ഇതു ബാലൻസില്ലാത്ത മാതിരി തോന്നലുകളാണെന്നു്. ഇങ്ങനെ തോന്നലുകൾ കൊണ്ടു ചാഞ്ഞുകൊടുക്കുവാനോ ഒരു തീർപ്പുകൽപിക്കുവാനോ തുനിയരുതു്. പുസ്തകങ്ങൾ പ്രധാനമായി രണ്ടിനത്തിലുണ്ടു്. എല്ലാവർക്കും ഒന്നുപോലെ ഉതകുന്ന പുസ്തകങ്ങളും ഏതെങ്കിലും ഒരു തരക്കാർക്കു മാത്രം ഉതകുന്ന പുസ്തകങ്ങളും. ചില പണ്ഡിതന്മാർക്കും ചിന്തകന്മാർക്കും അവരുടെ തരക്കാരെ മാത്രമേ രസിപ്പിക്കാൻ കഴികയുള്ളു. അവരിൽ താഴ്ന്നതരക്കാർക്കു് അവരെ അടുക്കക്കൂടിപ്പോലും സാധ്യമല്ല. അതിന്നു് അവരെ കുറെക്കാരാക്കുന്നതുകൊണ്ടു ഫലവുമില്ല. തങ്ങളെപ്പോലുള്ളവർ മാത്രമേ മനസ്സിലാക്കാവൂ എന്ന ശാഠ്യത്തിലല്ല അവർ പറയുന്നതും എഴുതുന്നതും. എല്ലാവർക്കും ഗ്രഹിക്കത്തക്ക നിലയിൽ സുഗമമായി, സുകരമായി ആശയങ്ങൾ പ്രകാശിപ്പിക്കുക എന്നതു നമ്മുടെ മഹാസിദ്ധികളിൽ ഒന്നാണു്. അതിന്നു് ഒരു വാസനയും സാമർത്ഥ്യവും കഴിവും പ്രത്യേകമായിത്തന്നെ വേണ്ടതാണു്. എന്നാൽ എല്ലാ വിഷയങ്ങളെയും എല്ലാവർക്കും ഗ്രഹിക്കത്തക്ക വിധം പരിചയപ്പെടുത്തുക സാധ്യമാണെന്നു തോന്നുന്നില്ല. പോകട്ടെ ഈ വിചാരഗതി ഇവിടെ നിൽക്കട്ടെ.

യുവാവ്—സാഹിത്യത്തിൽ ‘ക്ലാസ്സിസിസം’കൊണ്ടു് ഉദ്ദേശിക്കപ്പെടുന്ന അർത്ഥം എന്താണു്? അതിനു ഭാഷയിൽ ഒരു സംജ്ഞയുണ്ടോ?

വൃദ്ധൻ—ക്ലാസ്സിസിസത്തിന്നു മലയാളത്തിൽ തക്ക ഒരു സംജ്ഞയുള്ളതായി അറിയുന്നില്ല. ഇങ്ങനെ ഭാഷയിൽ വ്യവഹരിക്കപ്പെടാൻ കഴിഞ്ഞിട്ടില്ലാത്ത അനേകം സാങ്കേതികസംജ്ഞകളുണ്ടു്. നമ്മുടെ ഭാഷയുടെ ദയനീയമായ പരിമിതി വിജ്ഞാനവിഷയകമായി നമ്മെ അഭിമുഖീകരിച്ചിട്ടുള്ള മഹാപ്രതിബന്ധങ്ങളിൽ ഒന്നാണു്. നമുക്കു മലയാളത്തിൽ ചിന്തിക്കുവാൻ സാധിക്കാത്തവണ്ണമാണു് വിദേശഭാഷകളിൽ വിജ്ഞാനം വികസിച്ചുകൊണ്ടിരിക്കുന്നതു്. നമ്മുടെ സൂക്ഷ്മതരമായ അനുഭവങ്ങളേയും അത്തരത്തിലുള്ള പ്രകൃതിയേയും സംബന്ധിച്ചുള്ള പ്രകടനങ്ങൾക്കോ പ്രതിപാദനത്തിനോ വളരെവളരെ അസൗകര്യങ്ങളും അപ്രാപ്തികളും ഉള്ള അശക്തവും സങ്കുചിതവുമായ ഭാഷകളിലൊന്നാണു് മലയാളം എന്നു പറയുമ്പോൾ നമ്മുടെ ഭാഷയെ നിന്ദിക്കയാണെന്നു ധരിക്കരുതു്. എന്നാൽ ഈ പരിതാപകരമായ കുറവിനെ സമ്മതിക്കാതിരിക്കാനും മടിക്കരുതു്. വിദേശഭാഷകളെ അപേക്ഷിച്ചു നോക്കുമ്പോൾ കാണപ്പെടുന്ന നമ്മുടെ പരിമിതികളെ ഇവിടെ എണ്ണിപ്പറയേണ്ട ആവശ്യമില്ലല്ലോ.

യുവാവ്—അപ്പോൾ ക്ലാസ്സിസിസം എന്നു തന്നെ പറഞ്ഞാൽ മതിയോ? ഇംഗ്ലീഷ്‌വാക്കുകൾ അങ്ങനെതന്നെ മലയാളത്തിൽ എഴുതുന്നവരെ ഇവിടത്തെ ഭാഷാസ്നേഹികൾ കൊല്ലുന്നില്ലെന്നേയുള്ളു.

വൃദ്ധൻ—അന്യഭാഷകളിലെ എല്ലാ വാക്കുകളും മലയാളത്തിൽ തർജ്ജമചെയ്യപ്പെടാൻ സാധിക്കുമെന്നു് അവർ വിചാരിക്കുന്നുണ്ടോ? ചില ആശയങ്ങളെ പ്രകടിപ്പിക്കാതിരിക്കാനുള്ള കഴിവില്ലായ്മയാൽ നമുക്കു് അന്യഭാഷാപദങ്ങളെ അപ്പടി പ്രയോഗിക്കേണ്ടിവരും. ഈ സമ്പ്രദായം ഏറെക്കുറെ എല്ലാ ഭാഷക്കാരും ചെയ്യുന്നതാണു്. അതിൽ പരിഭവിച്ചിട്ടു കാര്യമില്ല.

യുവാവ്—ഒരിക്കലും നശിക്കാത്ത തരത്തിലുള്ള സാഹിത്യമാണോ ക്ലാസ്സിക്കൽസാഹിത്യം?

വൃദ്ധൻ—അങ്ങനെ ഒരുതരം സാഹിത്യമേയില്ല. സാഹിത്യത്തിലെ ക്ലാസ്സിസിസത്തിന്നു് അത്തരത്തിലൊരു അർത്ഥം ഇല്ല.

യുവാവ്—എല്ലാ ദേശങ്ങൾക്കും എല്ലാ കാലങ്ങൾക്കും പററുന്ന വിധത്തിലുള്ള സാഹിത്യമാണു് ക്ലാസ്സിക്കൽസാഹിത്യമെന്നു പലരും പറയുന്നുണ്ടല്ലോ.

വൃദ്ധൻ—അവരുടെ വാദം ശരിയാണെന്നു

തോന്നുന്നില്ല. അങ്ങനെ ദിക്കാലഭേദങ്ങൾക്ക് അതീതമായ ഒരു സാഹിത്യകൃതിയെങ്കിലും ഇന്നുവരെ ലോകത്തെവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ? നമ്മുടെ അറിവ്, ബോധം, ചിന്ത, അഭിപ്രായം, അനുഭവങ്ങൾ എന്നിവ പരിവർത്തിക്കുന്നതോടൊപ്പം സാഹിത്യസ്വഭാവങ്ങളും പരിവർത്തിതമാവുന്നു. ഈ പരിവർത്തനം ചരിത്രകാലം മുതൽക്ക് ഇന്നുവരെ തുടർന്നുവരുന്നു. മേലിലും അതുതുടരുകതന്നെ ചെയ്യും. ഓരോ കാലങ്ങളിലും ഓരോ ദേശങ്ങളിലും പരമോൽകൃഷ്ടമെന്നു പരിഗണിക്കപ്പെട്ടിരുന്ന പല സാഹിത്യകൃതികളും പിൽക്കാലങ്ങളിൽ അന്യരാജ്യങ്ങളിൽ അപ്രധാനമായി പരിണമിച്ചിട്ടുണ്ട്. അറിവും ചിന്തയും മാറിമാറി വരുന്നതോടൊപ്പം സാഹിത്യകലാസ്വഭാവങ്ങളും മാറിക്കൊണ്ടിരിക്കും. അതുകൊണ്ട് അനശ്വരസാഹിത്യകൃതികളെന്നോ ശാശ്വതസാഹിത്യകൃതികളെന്നോ പറയുന്നതിൽ അർത്ഥമില്ല.

യുവാവ്—ഈ സംഗതിയെ കുറേക്കൂടി വ്യക്തമാക്കുവാൻ അപേക്ഷിക്കുന്നു.

വൃദ്ധൻ—കൊള്ളാം, കാടുകളിലും ഗുഹകളിലും താമസിച്ചിരുന്ന ആദിമനിവാസികളുടെയും ആകാശവിമാനത്തിൽ പറക്കുന്ന ഇന്നത്തെ നമ്മുടെയും ജീവിതാവസ്ഥ ഒന്നാണോ?

യുവാവ്—അല്ല, വളരെ വ്യത്യാസമുണ്ട്.

വൃദ്ധൻ—ഈ വ്യത്യാസം എങ്ങനെവന്നു?

യുവാവ്—കാലക്രമേണ അറിവും ബോധവും ചിന്തയും വളർന്നതോടൊപ്പം വന്നു.

വൃദ്ധൻ—ഈ വളർച്ചയ്ക്കാണ് നാം പരിവർത്തനമെന്നു പറയുന്നത്. ഇനി ഒരായിരമോ രണ്ടായിരമോ കൊല്ലങ്ങൾ കഴിഞ്ഞാൽ നമ്മുടെ അവസ്ഥ ഇതുതന്നെ ആയിരിക്കുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? അങ്ങനെ വിചാരിക്കാൻ നിങ്ങൾക്ക് എന്തെങ്കിലും ബലമായ തെളിവുകളോ അടിസ്ഥാനമോ ഉണ്ടോ?

യുവാവ്—ഇല്ല. എനിക്ക് ഇപ്പോൾ കാര്യം മനസ്സിലായി. ഇനി ക്ലാസിസിസത്തെപ്പറ്റി കേൾക്കാൻ കൊതിക്കുന്നു. അത് ഏറ്റവും ഉൽകൃഷ്ടമായ സാഹിത്യമാണെന്നു പറയപ്പെടുന്നതെങ്ങനെ?

വൃദ്ധൻ—അങ്ങനെ ഒരു അർത്ഥം അതിന് കൽപിക്കപ്പെട്ടിട്ടുവെന്നേയുള്ളു.

യുവാവ്—ക്ലാസിക്കൽ സാഹിത്യത്തെ മറ്റു സാഹിത്യങ്ങളിൽനിന്ന് തിരിച്ചറിയുന്നതെങ്ങനെ? അതിന്റെ പ്രത്യേകത എന്തൊക്കെയാണ്?

വൃദ്ധൻ—ക്ലാസിസിസം എന്ന സാങ്കേതികസംജ്ഞകൊണ്ട് വിവക്ഷിക്കപ്പെടുന്ന അർത്ഥം ഒന്നാം കിടയിലുള്ളതോ ഏറ്റവും ഉന്നതമായ പദവിയിലുള്ളതോ ആയ സാഹിത്യം എന്നാണ്. ദീർഘകാലം നിലനിൽക്കത്തക്കവിധത്തിലുള്ള സാഹിത്യപരമായ എഴുത്തുകൾ ക്ലാസിസിസത്തിൽ ഉൾപെടുന്നു.

യുവാവ്—ഈ ഉത്തരം എന്റെ സംശയങ്ങളെ നിശ്ശേഷം നീക്കുന്നില്ല. ക്ലാസിക്കൽ സാഹിത്യത്തെപ്പറ്റി ഇപ്പോഴും എനിക്ക വ്യക്തമായ ആശയം ലഭിച്ചിട്ടില്ല.

വൃദ്ധൻ—ശരി, എന്നാൽ മറ്റൊരു വിധത്തിൽ പറയാം. പുരാതന യവനരും റോമാക്കാരുമായ സാഹിത്യകാരന്മാരെ ക്ലാസിക്കൽ സാഹിത്യകാരന്മാരായിട്ടാണ് നാം ഗണിച്ചുവരുന്നത്. അവരുടെ രീതിയേയും ചിന്താഗതിയേയും അവലംബിച്ചു അവർക്കുശേഷം പ്രവർത്തിച്ചിട്ടുള്ളവരും ക്ലാസിസിസക്കാരാകുന്നു.

യുവാവ്—പുരാതന യവനരിൽനിന്നും റോമാക്കാരിൽനിന്നും ഏറ്റവും പ്രധാനികളായ കുറെ ക്ലാസിസിസക്കാരുടെ പേരുകൾ പറഞ്ഞാൽ ക്ലാസിസിസത്തെ എനിക്ക എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയും.

വൃദ്ധൻ—ഹോമർ, തുസിഡിഡ്സ്, പ്രശസ്ത നാടകകർത്താക്കളായ എസ്കിലസ്, യൂറിപ്പിഡസ്, സോഫോക്ലിസ്, അരിസ്റ്റോഫെയിൻസ് അരിസ്റ്റോട്ടൽ, പ്ലേറ്റോ എന്നിവരുടെ എഴുത്തുകൾ ക്ലാസിസിസത്തിന്റെ അനർഘസമ്പത്തുകളാകുന്നു. ലിവി, ടാസിറ്റസ്, വെർജിൽ, സെനെക്കാ, സിസറോ മുതലായവർ ലാറ്റിൻ ക്ലാസിക്കൽ എഴുത്തുകാരുടെ ഗണനയിൽ പെടുന്നു.

യുവാവ്—ഇവരെല്ലാം അവലംബിച്ചിരുന്ന ആദർശവും മനോഭാവവും എന്താണ്? അവർ നൽകിയ സേവനങ്ങളുടെ സ്വഭാവം എന്താണ്?

വൃദ്ധൻ—കേവലം വ്യക്തികളെയോ കക്ഷികളെയോ ഉന്നമാക്കിക്കൊണ്ടല്ല അവർ സംസാരിച്ചത്. അവരുടെ ചിന്താവിഷയം പൊതുവെ പറയുന്നതായാൽ ജീവിതവും മനുഷ്യസമുദായവും ആയിരുന്നു. ജീവിതത്തിനും മാനവലോകത്തിനും ധാർമ്മികവും സദാചാരപരവും ആദർശപരവുമായ ഒരടിത്തറ സൃഷ്ടിക്കുന്നതിലാണ് അവരുടെ സേവനങ്ങൾ അടങ്ങിയിരിക്കുന്നത്.

(തുടരും)

# റ്റ്യൂഷൻ

(ആറാം പേജിൽനിന്നു തുടർച്ച)

വിടെനിന്നു പറഞ്ഞയച്ചുകൊള്ളണമെന്നു കാമാക്ഷിയമ്മയ്ക്കു അവരുടെ അച്ഛൻ മുന്നറിവുകൊടുത്തു. അച്ഛന്റെയും വീട്ടുകാരുടേയും പ്രതിഷേധം എത്രതന്നെ രൂക്ഷമായിട്ടും കുട്ടപ്പനെ സംബന്ധിച്ച ആ പ്രോഗ്രാമ്മ നിർദ്ദയതപാക്കെക്കൊണ്ടില്ല.

അച്ഛൻ എന്തിനു ഈ കാര്യത്തിൽ ഇത്രമാത്രം വാശിപിടിക്കുന്നു എന്നു ആ മകൾക്കു മനസ്സിലായില്ല. വീട്ടുകാർക്കുവേണ്ടി അവർ എന്തെല്ലാം ത്യാഗം സഹിക്കുന്നു. ശമ്പളം കിട്ടിയാൽ വീട്ടിലേക്കുള്ളതു നീക്കിവെച്ചശേഷമേ അവർ അത്താഴം കഴിക്കൂ. പതിനഞ്ചുവയസ്സു മുതൽ വിവാഹാലോചന അവരെ സമീപിക്കയുണ്ടായി. ഒരു ഭർത്താവിനെ സ്നേഹിക്കാനുള്ള കൊതി അവർക്കുമുണ്ടു്. ഒരു അമ്മയാകാനുള്ള വാസന അവർക്കുമുണ്ടു്. തൊടാനും തൊട്ടുവിക്കാനും സ്നേഹിക്കാനും സ്നേഹിക്കപ്പെടുവാനുമുള്ള ആസക്തി അവർക്കുമുണ്ടു്. അവരുടെ കൂട്ടുകാരികൾ ഭർത്താക്കന്മാരോടുകൂടി സൗഭാഗ്യമുണ്ണുന്നു. അവർക്കു അതൊക്കെ കാണാൻ കഴിയും; ചിന്തിക്കാൻ കഴിയും. എല്ലാം അവർ ഉള്ളിൽ ഒതുക്കുന്നു. എല്ലാം സഹിക്കുന്നു. താൻ അവിവാഹിതയായി ഈ നിലയിൽ ആയിത്തീർന്നതു തന്റെ ഏതെങ്കിലും മനസ്സുകേടുകൊണ്ടോ കുറവുകൊണ്ടോ അല്ലെന്നും അവർക്കറിയാം. താൻ വിവാഹിതയായാൽ തന്റെ ശമ്പളം വീട്ടിനു നഷ്ടപ്പെടും. അച്ഛനതു സഹിച്ചുകൂടാ. എല്ലാമാകട്ടെ എന്നു വിചാരിച്ചു എല്ലാം അവർ സഹിക്കുന്നു. ഇപ്പോൾ ഒരു പാവപ്പെട്ട കൊച്ചന്റെ കാര്യത്തിൽ താനൊന്നു ശ്രദ്ധിച്ചുപോകുന്നു. അതിനു അച്ഛനു് എന്തിനു ഇത്ര വലിയ ദഹനക്കേടു്. എനിക്കുമില്ലേ ചില സ്വാതന്ത്ര്യങ്ങൾ. വയസ്സു് മുപ്പത്തൊൻപതുണ്ടല്ലോ. എനിക്കു മനസ്സില്ല. ഞാൻ അവനെ പറഞ്ഞയയ്ക്കുന്നില്ല. കാമാക്ഷിയമ്മയുടെ ഹൃദയം നിശ്ചയംകൊണ്ടു.

അവരുടെ അച്ഛൻ രോഷാകുലനായി മകളുടെ താമസസ്ഥലത്തു് എത്തി. ഹെഡ്മിസ്ട്രസ് സ്കൂളിലാണു്. പുരയുടെ താക്കോൽ അവരുടെ കൈയിലാണു്. മുക്കിയും തുപ്പിയും കോട്ടുവാമിട്ടുമൊക്കെ ആ വൃദ്ധൻ സ്കൂൾവിടുന്ന സമയം കാത്തിരുന്നു. എവിടുന്നോ, തപ്പിപ്പെറുക്കിയ കുറെ വിറകിൻ കഷണങ്ങളുമായി നാണി എത്തിയിരിക്കുന്നു. വൃദ്ധൻ ഗൗരവം പൂണ്ടു. നാണിയെക്കണ്ടില്ല കണ്ടാലും ശ്രദ്ധിക്കാൻ മനസ്സില്ല—എന്ന മട്ടിൽ അയാൾ വിമുഖനായി. വിറകുകെട്ടു് അടുക്കളവാതിലിൽ ഇട്ട ശേഷം നാണി വിനയാന്വിതം വൃദ്ധന്റെ അടുക്കൽ ചെന്നു. "എപ്പഴാ വന്നെ. നോക്കിയിരുന്നു മുഷിഞ്ഞു ഇല്ലേ. താക്കോലു മകളുടെ കയ്യിലാ. നാലുമണി വിടാറായി. എപ്പം തിരിച്ചു വീട്ടിന്നു—" നാണി കുശലം അന്വേഷിച്ചു—

"പോടീ, നിന്നോടു ചോദിച്ചോ ഇതു വല്ലതും. പൊയ്ക്കൊള്ളണം എന്റെ കണ്ണിനു മുമ്പിൽ നിന്നു്. എടീ മകനെ വേഗം വിളിച്ചുകൊണ്ടു പൊയ്ക്കൊള്ളണം. അല്ലെങ്കിൽ ഞാനവന്റെ എല്ലൊടിക്കും." വൃദ്ധന്റെ കണ്ണുകൾ ചെമന്നു. മീശ എഴുന്നു. കണ്ണാ കുഴഞ്ഞു. പാവം നാണി!! അവൾ അവളുടെ കുടിലിലേക്കു പോയി.

നാലു മണി വിട്ടുകുട്ടികൾ വീടുകളിലേക്കു തിരിച്ചു. കുട്ടപ്പനെ വഴിക്കുവെച്ചു കണ്ടുപിടിക്കാൻ നാണി വീട്ടിൽ നിന്നു തിരിച്ചു. പക്ഷേ നാണി ചെല്ലുന്നതിനു മുമ്പുതന്നെ അവൻ താമസസ്ഥലത്തെത്തി. കടുവായുടെ മുമ്പിലേക്കു ചെല്ലുന്ന മാൻകുട്ടിയെപ്പോലെ അവൻ വൃദ്ധന്റെ അടുക്കൽ ചെന്നു.

"എടാ"—വൃദ്ധൻ അലറി—"നീ എന്തിനു് ഇവിടെ താമസിക്കുന്നു. എടുക്കു നിന്റെ സാമാനങ്ങൾ. ഇറങ്ങു് പടിക്കു വെളിയിൽ. ഇനി ഒരു നാഴിക ഇവിടെ കണ്ടുപോകരുതു്. ങ്ഹും വേഗം."

കാമാക്ഷിയമ്മയും വന്നു ചേർന്നു നാണി ആ അടുക്കളയുടെ അടുക്കൽ ഒളിച്ചു നിൽക്കയാണു്. കുട്ടപ്പൻ ഒരിടത്തു മൂകനായി നിൽക്കുന്നു. മുറുക്കാൻ ചവച്ചുകൊണ്ടു് മുഖം മറ്റങ്ങോട്ടും തിരിക്കാതെ ഗൗരവപൂർവ്വം ഇരിക്കയാണു് വൃദ്ധൻ. ഹെഡ്മിസ്ട്രസിനു് കാര്യം മനസ്സിലായി. അച്ഛൻ നോക്കുന്നില്ലെങ്കിൽ ഞാനും നോക്കുന്നില്ലെന്നു അവർ നിശ്ചയിച്ചു. ആരോടും ഒന്നും പറയാതെ ആ കപാത കതകുതുറന്നു "പുസ്തകമൊക്കെ കൊണ്ടുചെന്നു വയ്ക്കൂ" അവർ കുട്ടപ്പനെ കൃത്യനിർവഹണം അനുസ്മരിപ്പിച്ചു. ആ ബാലൻ മുറിക്കുള്ളിലേക്കു കയറി.

"എനിക്കു മനസ്സില്ല; ഇവനെ വീട്ടിൽ കയറ്റാൻ" വൃദ്ധൻ ആ ബാലനെ മുറിക്കുള്ളിൽ നിന്നു പിടിച്ചിറക്കി ...ത്തേക്കു തള്ളി. അവ

ന്റെ പുസ്തകക്കെട്ടു് അയാൾ വലിച്ചെറിഞ്ഞു. "അമ്പോ എന്റെ കുഞ്ഞിനെക്കൊന്നോ" നാണി വിളിച്ചുകൂവി.

കാമാക്ഷിയമ്മ പഴയ പടിപ്പുരയിൽ പോകുന്നു. കുട്ടപ്പൻ ഇപ്പോഴും അവരുടെ കൂടെത്തന്നെ. "എനിക്കവനെ പറഞ്ഞയക്കാൻ മനസ്സില്ല. അച്ഛൻ ഞാൻ താമസിക്കുന്നേടത്തു വരേണമെന്നില്ല. വല്ലതും ഉള്ളതു് അങ്ങോട്ടയച്ചു തന്നേക്കാം. ഇവിടെ അധികാരം നടത്താൻ പോരേണ്ടാ." കൂസലില്ലാതെ മുഖത്തു നോക്കി നിന്നു് മീനാക്ഷിയമ്മ അച്ഛനോടു് സംസാരിച്ചു. ആ വൃദ്ധൻ അതിൽപിന്നെ അവിടെ കയറുന്നില്ല. വീട്ടുകാർ ആരും തന്നെ അവിടെ ചെല്ലുന്നില്ല. അവളെ ഞാൻ ഉപേക്ഷിച്ചിരിക്കുന്നു. എന്നു് ആ അച്ഛൻ പരസ്യമായി പ്രസ്താവിച്ചു.

തീറ്റി എത്രയൊക്കെ കൊടുത്തിട്ടും കുട്ടപ്പൻ നന്നാകുന്നില്ല. അലക്കിത്തേച്ച ഷർട്ടേ അവൻ അണിയൂ. അലക്കിയ മുണ്ടേ ഉടുക്കൂ. ഭംഗിയുള്ള പൊട്ടു് അവൻ അണിയുന്നുണ്ടു്. അവൻ അടുത്തു വരുമ്പോഴും കടന്നുപോകുമ്പോഴും വാസന ദ്രവ്യങ്ങളുടെ പരിമളം പ്രസരിക്കും. പക്ഷെ അവന്റെ ശരീരം മെലിഞ്ഞു തന്നെ കാണപ്പെടുന്നു. അവന്റെ കവിളുകൾ ഈ ചെറുപ്പത്തിലെ ഇത്രമാത്രം ഒട്ടാവുന്നതല്ല. അവന്റെ കണ്ണുകളിൽ കുറെക്കൂടി ഓജസ്സു് കാണേണ്ടതാണു്. ഉന്മേഷവും അതിൽ കൂടുതൽ ഉണ്ടായിരിക്കേണ്ടതാണു്. സാധാരണ ക്ലാസ്സുമുറിയിലിരുന്നു് അവൻ ഉറക്കം തൂങ്ങുന്നു; കോട്ടുവാ വിടുന്നു;

നാണിക്കു് ആ ഹെഡ്മിസ്ട്രസ്സിനോടുള്ള ബഹുമാനത്തിനു് അളവില്ല. തന്റെ മകനെ ഇത്ര കാര്യമായി രക്ഷിക്കുന്ന ആ ഗുണവതിയുടെ പേരിൽ ആ പാവപ്പെട്ടവൾക്കു് എങ്ങിനെ കൂറുണ്ടാകാതിരിക്കും. അവർ അവരുടെ കാല്‌ തിരുമ്മും; തലമുടി ചീകിച്ചികയും. വെള്ളം കോരും. പേനന്വേഷിച്ചു കൊടുക്കും. പാത്രങ്ങൾ വെടിപ്പാക്കും. മുറ്റവും മുറികളും തൂത്തുവാരും. എന്തൊക്കെ ചെയ്തുകൊടുത്താലും ആ പാവപ്പെട്ടവൾക്കു് മതിയാകയില്ല.

ഒരിക്കൽ കുട്ടപ്പനു് ഡാക്ടരുടെ ഒരു സഹായം ആവശ്യമായിത്തീർന്നു. അയാളുടെ അപകടം പിടിച്ച അവയവങ്ങളിലൊന്നിനു് ഒരു നീർക്കെട്ടു്. കാമാക്ഷിയമ്മ ഡാക്ടരുടെ പേർക്കു ആളയച്ചു. ഡോക്ടർ വന്നു വിവരം അറിയാനുള്ള ഉൽകണ്ഠയോടുകൂടി നാണി മുറ്റത്തു് പറ്റിക്കൂടി. അവരുടെ മകൻ മുറിക്കുള്ളിൽ കിടക്കയാണു്. "ഇച്ചയോ പുഴുവോ എന്തോ കുത്തിയതാണു്." കാമാക്ഷിയമ്മ നാണിയെ സമാധാനപ്പെടുത്തി. വിങ്ങിത്തുടുത്തിരിക്കുന്ന ആ അഗ്രചർമ്മത്തിൽ ഡോക്ടർ സൂചിക്കുത്തുകൾ കൊണ്ടു് ഏതോ പരിശോധന നടത്തി. കാമാക്ഷിയമ്മയും നാണിയും സംസാരിച്ചുകൊണ്ടു് വരാന്തയിൽ നില്ക്കയാണു്. പോകുവാൻ ഒരുങ്ങിയ ഡോക്ടരോടു് ആ ഹെഡ്മിസ്ട്രസ്സ് ചോദിച്ചു. "എന്താ ഡോക്ടർ, ഈച്ചയോ പുഴുവോ വല്ലതും കുത്തിയതായിരിക്കും അല്ലേ?" "അതെ വല്ലാത്ത പുഴുക്കുത്തു്" ഒരു പുഞ്ചിരിയോടുകൂടി ഡോക്ടർ മറുപടി കൊടുത്തു. "എന്റെ ഈശ്വരാ എന്തെല്ലാം രോഗങ്ങൾ!" ആ ഹെഡ്മിസ്ട്രസ്സ് മുറിക്കുള്ളിൽ കയറി. "അത്ര വിഷം വല്ലതുമുണ്ടോ ഏമാനെ? നാണിക്കു് സമാധാനം വന്നില്ല. അവൾ ഡോക്ടരുടെ മുഖത്തു് ഉൽകണ്ഠയോടുകൂടി നോക്കിനിന്നു. "നിങ്ങൾ ഏതു്" ഡോക്ടർ ചോദിച്ചു.

"കുട്ടപ്പന്റെ അമ്മയാണു്." കാമാക്ഷിയമ്മ പെട്ടെന്നു വെളിയിൽ വന്നു. "ശരി വിഷമൊന്നുമല്ലെ"ന്നു് വെളിയിൽ വന്ന ഡോക്ടർ മറുപടി കൊടുത്തു. കാമാക്ഷിയമ്മ നീട്ടിയ സമ്മാനവും വാങ്ങിക്കൊണ്ടു് ഡോക്ടർ യാത്രയായി.

ഇതെങ്ങനെ അവിടെ ഈ പുഴുക്കുത്തും നാണിക്കു് വലിയ സംശയം അവൾക്കു് ആ രോഗവിവരം ഒന്നു കണ്ടാൽ കൊള്ളാമെന്നുണ്ടു്. പക്ഷെ എന്തു ചെയ്യും; ഒന്നു രണ്ടു പ്രാവശ്യം അവൾ മകന്റെ അടുക്കൽ ചെന്നു് "ഒന്നു കാണിച്ചേടാ" എന്നു അവൾ കുട്ടപ്പനോടു പറഞ്ഞുനോക്കി അവനു നാണമാണു് നാണിക്കു് ഒരു വല്ലാത്ത സംശയം ഒരു കാര്യത്തിനും അവൾക്കു് ഉത്സാഹമില്ല. അയൽക്കാരിൽ പണ്ഡിതകളായ ചില സ്ത്രീകളെക്കണ്ടു നാണി സംശയം ചോദിച്ചു. ആ പാവപ്പെട്ടവളുടെ ജീവിതത്തിനു് ഇത്തരം ജ്ഞാനം കുറവാണു്. പതിന്നാലു വയസ്സിൽ അവളെ വിവാഹം കഴിച്ചു മൂന്നു ഭർത്താക്കന്മാർ മാറി മാറി അവളെ ഭാര്യയാക്കി. ഇന്നു് അവൾക്കു് ഭർത്താവില്ല വയസ്സു മുപ്പത്തഞ്ചായി എന്നിട്ടും കാര്യമൊന്നും ശരിയായി രൂപമില്ലെങ്കിലും അറിവുള്ളവർ പറഞ്ഞുകൊടുത്തു ഒരുദിവസം കുട്ടപ്പനെ പിടിച്ചു മുണ്ടു് പൊക്കി നിർത്തിക്കൊണ്ടു നാണി കാമാക്ഷിയമ്മയോടു പറഞ്ഞു "നിങ്ങക്കു് വകതിരിവുണ്ടെന്നു ഞാൻ വിചാരിച്ചതു്. നിങ്ങൾക്കു കല്യാണം കഴിക്കാൻ പാടില്ലേ. അല്ലെങ്കിൽ വേറെ വല്ല തൊഴിലും നോക്കു്" ആ അമ്മ മകനുമായി അവരുടെ കുടിയിലേക്കു പോയി പക്ഷെ കുട്ടപ്പന്റെ ഹിതം എന്താണെന്നു് അവർ മനസ്സിലാക്കുന്നില്ല അവൻ അന്നു് അന്തിയുറങ്ങിയതു ആ ഹെഡ്മിസ്ട്രസ്സിന്റെ ട്യൂഷൻ അനുഭവിച്ച ശേഷമാണു്.

# നമ്മുടെ നിരൂപകന്മാർ

(കെ. ആർ. രാമകൃഷ്ണൻ)

കലയും ശാസ്ത്രവും തമ്മിൽ കൈകോർത്തു നിന്നു കളിയാടുന്ന ഒരു രംഗം; അതിന്റെ ഉപജ്ഞാതാവും സർവ്വാധിപതിയും നിരൂപകൻ മാത്രമാകുന്നു. കലാശില്പങ്ങളെ ശാസ്ത്രീയ—സാങ്കേതിക—ദൃഷ്ടികൊണ്ടുമാത്രം കാണുന്നതു് കണക്കശാസ്ത്രത്തിൽ കവനമുദ്ര പതിഞ്ഞിട്ടുണ്ടോ എന്നു നോക്കുന്നതുപോലെ അപൂർണ്ണമോ അബദ്ധമോ ആയിരിക്കും. ഇവിടെയാണു് കലയും ശാസ്ത്രവും തമ്മിലുള്ള അന്തരം മുഴച്ചുനിൽക്കുന്നതു്. എന്നാൽ ചിലർക്കു് ഈ വിരുദ്ധശക്തികളെ, ധ്രുവാന്തരമുള്ള ഈ ശക്തിവിശേഷങ്ങളെ സ്വാധീനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടു്. ഈ പ്രതിഭാശാലികൾ കലയിലും ശാസ്ത്രത്തിലും യഥേഷ്ടം വിഹരിക്കുന്നു; സർവ്വാധികാരികളായി വിലസുന്നു. ഈ നിഗമനത്തെ ഭാരതീയ ചിന്തകന്മാർ സാധൂകരിക്കുന്നുണ്ടു്. പശ്ചാത്യർ അംഗീകരിക്കുന്നുമുണ്ടു്.

കൈരളി ഒരു നവോത്ഥാന ദശയെ അഭിമുഖീകരിക്കുകയും അതിലംഘിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഇത്തരുണത്തിൽ നമ്മുടെ സാഹിത്യ നിരൂപകന്മാരുടെ ചെയ്തികൾ എന്തെന്നു് അൽപമാത്രമായിട്ടെങ്കിലും ഒന്നു പരിശോധിക്കുന്നതു് രസാവഹമായിരിക്കും.

കാളിദാസകൃതികളെ എത്രവളരെ സങ്കോചത്തോടുകൂടിയാണു് വ്യാഖ്യാനിക്കുവാൻ താൻ ഒരുമ്പെടുന്നതെന്നു് മല്ലിനാഥൻ ഒന്നിലധികം പ്രാവശ്യം വെളിപ്പെടുത്തിയിട്ടുണ്ടു്. രഘുവംശത്തിന്റെ പ്രാരംഭത്തിൽ ആ കാളിദാസൻ പോലും സ്വന്തം കഴിവുകളിൽ പ്രകടിപ്പിക്കുന്ന വിനയപൂർവമായ സന്ദേഹം ചെറുതായിട്ടൊന്നുമല്ല. ജ്ഞാനത്തിന്റെ കാലമായിരുന്ന അന്നും വിജ്ഞാനത്തിന്റെ ലോകമായ ഇന്നും തമ്മിൽ എന്തൊരന്തരം! നമ്മുടെ ഇന്നത്തെ നിരൂപകന്മാർക്കു് ഭഗവദ്ഗീത ആദ്യന്തം യുക്തിവിരുദ്ധവും പ്രയോഗത്തിൽ ഒരു തോൽവിയുമാണു്. മഹാത്മജിയുടെ അഹിംസാ സിദ്ധാന്തം ഒരു നീണ്ട തെറ്റു മാത്രം! അതിനു് യുക്ത്യാഭാസങ്ങളേയും വിതണ്ഡാവാദങ്ങളേയുമാണു് അവർ അംഗീകരിക്കുക. ജ്ഞാനത്തിന്റെ തികവുകൊണ്ടു് അന്നുള്ളവരുടെ ശിരസ്സു് കുനിഞ്ഞിരുന്നു; ഇന്നാകട്ടെ പണ്ഡിതന്മാരുടെ തല കാറ്റിൽ പറന്നുപോകാതിരിക്കാൻ പ്രത്യേകം സൂക്ഷിക്കേണ്ടിയിരിക്കുന്നു.

കല സോദ്ദേശകമോ നിരുദ്ദേശകമോ എന്നുള്ള വാദകോലാഹലത്തിൽ കല "കൊല"ക്കുവേണ്ടിയാണെന്നു് ഇരുഭാഗക്കാരും തെളിയിച്ചു കഴിഞ്ഞു. പ്രതിപക്ഷത്തിന്റെ ഹിംസയിൽ കവിഞ്ഞൊരു ലക്ഷ്യം നമ്മുടെ നിരൂപകന്മാർക്കില്ലതന്നെ. സാഹിത്യത്തിൽ ഒരു പുരോഗമനപക്ഷമുണ്ടായി. ജനസാമാന്യത്തിന്റെ സംസ്കാരവും ഉദ്ധാരണവും ആണതിന്റെ ലക്ഷ്യം. ഇന്നത്തെ സാമൂഹ്യവ്യവസ്ഥയിൽ വസ്തുതകളെ ശാസ്ത്രീയമായി വിശകലനം ചെയ്തു യാഥാർത്ഥ്യം—ഭീകരസത്യങ്ങൾ—വെളിപ്പെടുത്തുകയും അതിനു പ്രേരകമായി നിൽക്കുന്ന സ്ഥാപിതശക്തികളെ ചെറുക്കുകയും ആണു് അതിന്റെ പ്രവർത്തനപരിപാടി. തിന്മയെ വരച്ചുകാണിച്ചു് തിന്മയിൽനിന്നു മനുഷ്യനെ ഉയർത്താൻ ഈ പ്രസ്ഥാനത്തിനു പ്രാപ്തിയില്ലെന്നു് നിറപറയും നിലവിളക്കുംവെച്ചു് സത്യപ്രതിജ്ഞ ചെയ്യാൻ "സ്ഥിരം സാഹിത്യ"ക്കാർ മടിക്കുന്നുമില്ല. നൂറ്റാണ്ടുകൾക്കു പുറകിൽ രചിക്കപ്പെട്ട കാവ്യങ്ങൾ ഇന്നും പുതുമ വിടാതെ നിൽക്കുന്നതുകൊണ്ടു് കവിതയിലെ പുരോഗമനോന്മുഖത്വം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ലെന്നും അതിനൊരു പ്രസ്ഥാനം ആവശ്യമില്ലെന്നും അവർ വാദിക്കുന്നു. ഇതിവിടെ നിൽക്കട്ടെ.

കൈരളിയുടെ കലാക്ഷേത്രത്തിൽ കടന്നുചെന്നു് പാശ്ചാത്യസാങ്കേതികോപാധികൾ ഉപയോഗിച്ചുകൊണ്ടു ചില നിരൂപകന്മാർ ഒരു വിപ്ലവത്തിന്നുതന്നെ കോപ്പുകൂട്ടിത്തുടങ്ങിയിട്ടുണ്ടു്. ഈ പരിവർത്തനത്തിൽ കൈരളിക്കു മുതൽക്കൂട്ടുവാൻ ആ പണ്ഡിതന്മാർക്കു കഴിയുന്നുണ്ടെങ്കിലും ചില കൊള്ളരുതായ്മകൾ കൂടി അവർ ഇറക്കുമതി ചെയ്തിട്ടുണ്ടെന്നു കാണാം. പാശ്ചാത്യ സംസ്കാരം, കാവ്യസങ്കേതങ്ങൾ, എന്നിവയിൽ അവഗാഹം ചെയ്തിട്ടുള്ളവർ പാശ്ചാത്യ നിരൂപണപദ്ധതികൊണ്ടു മാത്രമേ നമ്മുടെ കാവ്യങ്ങളെ അളന്നു കുറിക്കയുള്ളു എന്നുവന്നാൽ അതൊരു മേന്മയോ ലെവവും നീതിയോ ആണെന്നു സമ്മതിച്ചുകൊടുക്കുവാൻ പ്രസ്ഥാനങ്ങളിലെങ്ങും പെടാതെ സ്വതന്ത്രരായി നിൽക്കുന്ന പഠിതാക്കൾ എങ്ങനെ, എന്തിന് സമ്മതിക്കണം? പാശ്ചാത്യ നിരൂപണ സരണിയെ കേരളത്തിലേക്കു കടത്തിവിടുവാൻ ചില ഭഗീരഥന്മാർ ശ്രമി

# അന്ന്

(ചെറുകാട്)

പരിവർത്തനത്തിന്റെ പടഹമുയരുന്നു
പറയുന്നു കേൾക്കുവാൻ നാട്ടുകാരെ,–
"പെണ്ണിനെ ജന്നിപ്പെട്ടിയിലാക്കുവാൻ ജീവിക്കും
പഴമക്കാർ തകിടംമറിയാറായി"–
ഇലയും കൊട്ടുകില്ലച്ചോറും കൊട്ടുകില്ല–
അലസന്മാരായവർക്കൊക്കും നമ്മൾ.
അരിശവുമഴലുമന്നിപ്പണക്കാരുടെ
തിരുമുഖത്തെറി നടനമാട്ടും
ഇവരെത്തുണയ്ക്കുവാനന്നത്തെ ജന്മക്കാരും
വെടിയും പടക്കോപ്പുമുണ്ടാവില്ല.
അരിശത്താലന്നവരെരിയട്ടെ കരിയട്ടെ
യലറട്ടെയാരതു കാണും കേൾക്കും?
അഴലാർന്നു കിഴിയട്ടെ കരയട്ടെയുഴലട്ടെ–
യതു നമ്മൾ കാണില്ല കേൾക്കുകില്ല.
"പെണ്ണിനെയൊന്നും പറ്റില്ലല്ലോ ഞങ്ങൾക്കെ"ന്നി (ക്കൂട്ടർ
പറയുമിരക്കും കരഞ്ഞു നോക്കും
"പണിയൊന്നും ചെയ്യാത്തോർക്കൊരു പറ ചോ (റില്ലം
നുണയേണ്ട"–ന്നന്നാമുക്കിയാക്കും.
പഴമതൻ മധുരസ്മരണനുകർന്നവർ
പരിതപിക്കുന്നതു നമ്മൾ കാണും.
നിരവധികാലം കരഞ്ഞവർ നമ്മളാ–
ന്നിലകണ്ടു പൊട്ടിച്ചിരിക്കുമപ്പോൾ.
തുണയാരുമില്ലാഞ്ഞാൽ ചോറൊട്ടും കിട്ടാഞ്ഞാൽ
പണിചെയ്യാനിക്കൂട്ടർ മുണ്ടുമാറും
കരിയും നുകവുമെടുത്തിവർകന്നിന്റെ
പിറകിൽ വയലിലേക്കെന്നുപോരും.
കരിപിടിച്ചീടാനും കന്നുതെളിക്കാനും
അറിയാതിക്കൂട്ടർ പരുങ്ങിനിൽക്കും
അരികത്തണയുംനാമിവരെപ്പഠിപ്പിക്ക–
മനുകമ്പയോലുംകരളുമായി
ഇവരുമീനമ്മളുമൊന്നിച്ചു ചേരുമീ–
ഭുവനമൊരു നവനാകമാവും.

---

കുന്നുണ്ട്. അതിന്റെ സിദ്ധാന്തങ്ങൾ ഒരു വക ആംഗല- മലയാള മണിപ്രവാളത്തിലാണവർ എഴുതി വിടുന്നതും. ചിലപ്പോൾ ഇംഗ്ലീഷ് ലേഖനങ്ങളുടെ തർജ്ജമകളായിരിക്കും അടിച്ചു വിടുക. പാവപ്പെട്ട മലയാളികൾക്ക് ഇതൊന്നും മനസ്സിലാവുകയില്ല. എന്തുകൊണ്ടെന്നാൽ തർജ്ജമ ചെയ്യപ്പെട്ട ആപടിഞ്ഞാറൻ ലേഖനത്തിന്റെ അർത്ഥമെന്തെന്ന് വിവർത്തകൻ തന്നെ നിശ്ചയമില്ലായിരിക്കും.

നിരൂപകൻ ഒരു സഹൃദയനും കലാകാരനും കൂടി ആയിരിക്കണം. പുഷ്പത്തെ ആസ്വദിക്കുവാനായി കയ്യിലെടുത്ത്, അതിന്റെ ദലങ്ങൾ പിഴുത് നിറവും വലിപ്പവും അനുസരിച്ച് തരം തിരിച്ചുവയ്ക്കുന്നത് നിരൂപക ധർമ്മമല്ല. നമ്മുടെ സാഹിത്യകൃതികളെ ഇപ്രകാരം കൈകാര്യം ചെയ്യുന്ന ചില "തലതൊട്ടപ്പന്മാ"രുണ്ട്. കവിതകളുടെ സൗന്ദര്യത്തെ ആസ്വദിക്കാനുള്ള കഴിവിന്റെ കുറവ്–സഹൃദയത്വമില്ലായ്ക–അവരുടെ സ്വന്തം കൃതികളിൽ അങ്ങനെ മുഴച്ചുനിൽക്കുകയാണ്. അതേ സമയം തന്നെ, കവികളെ വിമർശിക്കുവാനും തരം തിരിക്കുവാനും അവർ തുനിഞ്ഞിറങ്ങുന്നതാണ് അത്ഭുതം!

വേറൊരു രീതിയെ അവലംബിച്ച്. നിരൂപണ കലാമണ്ഡപത്തിലെ സവ്യസാചികളായി നിലകൊള്ളുന്ന ചില പണ്ഡിതന്മാരും കൈരളിക്കു കാവൽ നിൽക്കുന്നുണ്ട്. ഇവരെപ്പറ്റി ഓർക്കുമ്പോൾ പാണ്ഡിത്യത്തിന് ദോഷജ്ഞത്വം എന്നൊരു പര്യായനാമം ഉള്ളതും ഓർമ്മയിലെത്തും. കവിത പുരോഗമനപരമായാലും അല്ലെങ്കിലും അവർ തലക്കടപ്പിന് ചെന്ന് പുറകിലേക്ക് തിരിഞ്ഞു നിന്ന് കൊണ്ടാണ് വിമർശനം ചെയ്യുക. "ദോഷൈകദൃക് പുരോഭാഗി" എന്ന പ്രമാണത്തിന് സന്ദർഭാനുസരണം അർത്ഥം കല്പിച്ചു കൊണ്ടു നോക്കിയാൽ ഹിംസാപരമായ ഈ തരം നിരൂപണങ്ങൾ അസൂയയുടെയോ ഔദ്ധത്യത്തിന്റെയോ ഉറവിൽ നിന്ന് പൊന്തിട്ടുള്ളതാണെന്നു കാണാം.

ഒന്നു തീർച്ചയാണ്. ചക്രവാളത്തെപ്പോലും അതിക്രമിച്ചു നിൽക്കുന്ന കവിഹൃദയത്തെ വിമർശിക്കുവാൻ–വിശകലനം ചെയ്യുവാൻ കവിഹൃദയത്തിനുമാത്രമേ കഴിയൂ. നിരൂപണത്തിന് വിവിധരീതികൾ ഉണ്ടാകുന്നതു് കൈരളിക്ക് ഒരു നേട്ടം തന്നെയാണെങ്കിലും ഇപ്പോൾ കാണാവുന്ന "ഗ്രന്ഥവിചാര"ങ്ങളിൽ ഭൂരിപക്ഷവും ഏകപക്ഷീയവും കാലികങ്ങളും മാത്രമാണെന്ന് തെല്ലൊരു വേദനയോടുകൂടിയെങ്കിലും ഉറപ്പിച്ചു പറയാതെ തരമില്ല.

---

# ഒന്നാംസമ്മാനം 200 ക

## രണ്ടാംസമ്മാനം 50 ക. മൂന്നാംസമ്മാനം 25 ക.

1) — — ൻ. നവഗ്രഹങ്ങളിൽ ഒന്നു്.
2) — ള്ള് എല്ലാവർക്കും അനിഷ്ടമാണു്.
3) — ക്ക് എല്ലാവർക്കും ഇതാവശ്യമാണു്.
4) — ക — ം എന്നു് അവസാനിക്കുന്ന ഒരു പദം
5) — — മി പക്ഷങ്ങളിൽ ഒന്നു്.
6) — — ള — കൂടപ്പിറപ്പ്.

**ചിത്രോദയം** മാനേജരെ ഏല്പിച്ചിരിക്കുന്ന സീൽവച്ചിരിക്കുന്ന ഉത്തരത്തോടൊത്തു ശരിയായി ഉത്തരം കിട്ടുന്നവർക്കു ഒന്നാംസമ്മാനം. ഒരു തെററു വരുത്തുന്നവർക്കു രണ്ടാംസമ്മാനം. രണ്ടുതെററുകാർക്കു മൂന്നാംസമ്മാനം. ഒരു ഡാഷിനു ഒരു അക്ഷരം ഉപയോഗിച്ചു പൂരിപ്പിക്കാം, ഉത്തരം വെള്ളക്കടലാസിൽ എഴുതണം. ഉത്തരം അയയ്ക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസം വ്യക്തമായി ഉത്തരക്കടലാസിൽ തന്നെ കുറിക്കുക. ഒന്നാംസമ്മാനം ലഭിക്കുന്നവരെ കമ്പിമൂലം വിവരം അറിയിക്കുന്നതായിരിക്കും. ആദ്യത്തെ ഉത്തരത്തിനു് 8 ണ. പിന്നീടുള്ള ഓരോ ഉത്തരങ്ങൾക്കും 4 ണ. വീതം. പണം മണിയോർഡറായോ പോസ്റ്റൽ ഓർഡറായോ അഞ്ചൽ ഒരു ചക്രസ്റ്റാമ്പായോ തപാൽ മുക്കാൽ അണ സ്റ്റാമ്പായോ അയയ്ക്കാം. കൊമ്പനിയുടെ തീരുമാനം അന്ത്യതീരുമാനമായിരിക്കും. അനാവശ്യ എഴുത്തുകൾക്കു മറുപടി അയയ്ക്കുന്നതല്ല. പണത്തോടുകൂടി അല്ലാത്ത ഉത്തരങ്ങൾ സ്വീകരിക്കുകയില്ല. ജൂപ്പിററർ ചിത്രപ്രശ്നം നമ്പർ '2' എന്നു പ്രത്യേകം കവറിൽ കുറിക്കണം. ഒരാൾക്കു് ഒന്നിലധികം സമ്മാനം കൊടുക്കുന്നതല്ല. ഒരു സമ്മാനത്തിനു ഒന്നിലധികം സമ്മാനാർഹരുണ്ടെങ്കിൽ സമ്മാനം സമമായി വീതിക്കും.

ഒന്നാംനമ്പർ ചിത്രപ്രശ്നത്തിന്റെ ഉത്തരം ജനുവരി 13-ാംനു-യിലെ ചിത്രോദയത്തിൽ പരസ്യം ചെയ്യുന്നതായിരിക്കും.

Closing Date 2nd Feb. 1946

## മാനേജർ ജൂപ്പിററർ ചിത്രപ്രശ്നം 2
## കോട്ടയം. P. O.

Printed and Published by P. J. Joseph at the Powra Prabha Press Kottayam

Reg. No T. 7 License No. 368 Dated 1st March 1939

# CHITRODAYAM KOTTAYAM.


## ശ്രീ. പി. കേശവദേവിന്റെ

## നടി

കലയും ജീവിതവും ഒന്നുചേർന്നൊഴുകുന്ന ഒരു മഹാനദിയാണു് ഈ നോവൽ. കഥാനായികയായ "മീന"യെപ്പററി അറിയണമെങ്കിൽ വായിക്കുക.

| | | | |
|---|---|---|---|
| Cnr: 280 പേജുള്ള ഈ പുസ്തകത്തിന്റെ വില | 2 | 8 | 0 |
| അധ്യനികരക്ഷ | 1 | 0 | 0 |

## പീപ്പിൾസ് ബുക്ക്സ്റ്റാൾ, ആലപ്പുഴ

പരിഷ്കൃതരീതിയിൽ തയാർ ചെയ്തിട്ടുള്ള **ക്രിൻ സൻ** [ജിൻറാൻ] പിൽസ് ഉപയോഗിപ്പിൻ.

*Manufactured by*

**The Pushpa Industries.**

*Parippu, Kottayam.*

## കാരൂർ കഥകൾ

1) കാരൂർ കഥകൾ വില 1 ക. 4 ണ.
(നാഷണൽ ബുക്കഡിപ്പോ, കോട്ടയം)

2) മേൽവിലാസം 1 ക. 4 ണ.

3) അപ്പൂപ്പൻ (നാടകങ്ങൾ) 14 ണ.
(നാഷണൽ ബുക്ക്സ്റ്റാൾ, കളരിക്കൽബസാർ, കോട്ടയം)

4) ഗൃഹനായിക 1 ക. 4 ണ.
(വിക്ടറി ബുക്ക്സ്റ്റാൾ, പാലാ)

## ജൂപ്പിറ്റർ ചിത്രപ്രശ്നം 1

ഉത്തരം—1] നാട്ടകം. 2] പുരാടം. 3] മണ്ണു്. 4] ത്രയോദശി. 5] വള്ളം.

സമ്മാനം ജനുവരി 15-ാംനു-ക്കു് ഇവിടെ നിന്നയയ്ക്കുന്നതാണു്. മാനേജർ